# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

## 2017 - 18

## ഓഡിറ്റ് റിപ്പോർട്ട്

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കോഴിക്കോട്

e-mail:.dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി. പി.15/394/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

തീയതി.29.03.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരാമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :പേരാമ്പ്ര ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ യും ഭാഗം 3ലെ യും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.കെ.ഡി. പി.15/394/2019 തിയ്യതി:29.03.2019

# കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017 – 18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2017 – 18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.6.2017 മുതൽ 31.03.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട് ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീഷ് മാവേലി, പുത്തൻവീട്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.03.2019 മുതൽ 22.03.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പി.കെ.ഉണ്ണി,ഓഡിറ്റ് ഓഫീസർ . |
| | എം.കരുണാകരൻ,അസി.ഓഡിറ്റ് ഓഫീസർ<br>(18.03.2019 വരെ.) |
| | സി.പി.സതീഷ് കുമാർ,അസി.ഓഡിറ്റ് ഓഫീസർ.<br>(14.03.2019 വരെ.) |
| | പി.ഷൈനി,അസി.ഓഡിറ്റ് ഓഫീസർ. |
| | അഫ്സൽ.ടി.എം,ഓഡിറ്റർ. |
| | ശ്രീജിത്ത്.കെ.വി.,ഓഡിറ്റർ. |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | റീന. കെ.എം. | 01.04.17 മുതൽ .31.03.2018 വരെ |

| | | |
|---|---|---|
| സെക്രട്ടറി | മനോജ്.ഒ | 01.04.17 മുതൽ .31.03.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ. | അഞ്ജന രവീന്ദ്രൻ. | 01.04.17 മുതൽ .29.10.2017 വരെ |
| | ഷെറിൻ റിഷാദ് | 30.10.17 മുതൽ .31.03.2018 വരെ |
| അസി.സെക്രട്ടറി. | മനോജ് കുമാർ.കെ.ടി | 01.04.17 മുതൽ .31.01.2018 വരെ |
| | ഷിബു.ഇ.എം. | 01.02.2018 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ. | സുഹാസ്.കെ. | 01.04.17 മുതൽ .31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ. (പി.എച്ച്.സി) | ആരതി രഞ്ജിത്ത് | 01.04.17 മുതൽ .31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | സോണി.സി.കെ | 01.04.17 മുതൽ 24.12.2017 വരെ |
| | നർദ്ദ | 26.01.18 മുതൽ .31.03.2018 വരെ |
| അസി.എഞ്ചിനീയർ. | സൗദ.കെ.സി. | 01.04.17 മുതൽ .31.03.2018 വരെ |
| ഐസിഡിഎസ് സൂപപ്പർവൈസർ. | രാധ | 01.04.17 മുതൽ .31.03.2018 വരെ |
| വി.ഇ.ഒ | അനീഷ് കുമാർ.ആർ.യു. | 01.04.17 മുതൽ .31.03.2018 വരെ |
| | പ്രതീഷ്. | 01.04.17 മുതൽ .05.12.2017 വരെ |
| | വിശ്വൻ. ഉണ്ണമ്മൽ | 06.12.17 മുതൽ .31.03.2018 വരെ |
| ഹെഡ് മാസ്റ്റർ. | അബ്ദുൾ ഖാദർ. | 21.05.17 മുതൽ .31.03.2018 വരെ |

| | | |
|---|---|---|
| | | |
| ഡയറിഫാം ഇൻസ്ട്രക്ടർ. | ലീന.ടി.കെ. | 01.04.17 മുതൽ .30.11.2017 വരെ |
| | ശിജിന.എ. | 01.12.17 മുതൽ .31.03.2018 വരെ |

<u>ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| ഭാഗം-1പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | ആഭ്യന്തര നിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ഡി. ആന്റ് ഒ. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. |
| 2-2 | പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയം – നികുതി നഷ്ടം സംഭവിക്കുന്നു. |
| 2-3 | തൊഴിൽനികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് – സംബന്ധിച്ച് |

| | |
|---|---|
| 2-4 | കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു – നികുതി നഷ്ടം സംഭവിക്കുന്നു. |
| 2-5 | ബിൽഡിംഗ് പെർമിറ്റ് – പൊതു അപാകതകൾ |
| 2-6 | ചട്ടം പാലിക്കാതെ നടത്തിയ നിർമ്മാണങ്ങൾ ക്രമവല്ക്കരിച്ച് നൽകി. |
| 2-7 | ആസ്തികളിൽ നിന്നും വരുമാനം ഉറപ്പ് വരുത്തുന്നില്ല. |
| ഭാഗം- 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | തനത് ഫണ്ട് നീക്കിയിരിപ്പ് കമ്മി |
| 3-2 | കാർഷിക വിപണനകേന്ദ്രവും കൃഷി വിജ്ഞാന കേന്ദ്രവും – പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ |
| 3-3 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ പരിപാലനത്തിന് സംരക്ഷണഗ്രാന്റ് ഉപയോഗിച്ചു. |
| 3-4 | മരാമത്ത് പ്രവൃത്തികൾ പദ്ധതികൾ തയ്യാറാക്കുന്നതിലെ അപാകതകൾ |
| 3-5 | മരാമത്ത് പ്രവൃത്തികളുടെ നിർവഹണത്തിൽ വീഴ്ച- വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ വൻ തുക പാഴായി. |
| 3-6 | പഞ്ചായത്ത് ഓഫീസ് നവീകരണം -ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു. |
| 3-7 | പാണ്ടിക്കാട് കുടിവെള്ള പദ്ധതി – പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 3-8 | ആനേരിക്കുന്ന് – ആക്കുപറമ്പ് റോഡ് പ്രവൃത്തി – കരാറുകാരന് അധിക തുക നൽകി |
| 3-9 | എസ്.സി. വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-10 | വാട്ടർ ടാങ്ക് വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-11 | ഭിന്നശേഷിക്കാർക്ക് സൈഡ് വീലോടു കൂടിയ സ്കൂട്ടർ നൽകൽ – അപാകതകൾ |
| 3-12 | വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകൽ – അപാകതകൾ |
| 3-13 | മരുന്നും/ഉപകരണങ്ങളും വാങ്ങിയത് രേഖകൾ ഹാജരാക്കിയില്ല |
| 3-14 | ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പ്രൊജക്ടുകൾ – അപാകതകൾ |

| | |
|---|---|
| 3-15 | വിദ്യാർത്ഥികൾക്ക് പഠനമുറി – പദ്ധതി നടത്തിപ്പിൽ അപാകതകൾ |
| 3-16 | ലാപ്ടോപ്പ് വിതരണം – അപാകതകൾ |
| 3-17 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |


# ഭാഗം 1

## <u>പൊതു അവലോകനം</u>

## 1-1 <u>ബജറ്റ്</u>

21/03/2017തീയതിയിലെ 155/17തീരുമാനപ്രകാരം 2017-18 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

## 1-2 <u>വാർഷികധനകാര്യപത്രിക</u>

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31/07/2018 | 15/05/2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20/06/18 മുതൽ 21/06/2018 വരെ | കെ.എസ്.എ.കെ.കെ.ഡി. ഇ2/1111/2018(53) തീ.09/07/2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20074450.00 |
| വരവ് | 87846108.00 |
| ആകെ | 107920558.00 |
| ചെലവ് | 97291154.00 |
| നീക്കിയിരിപ്പ് | 10629404.00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 17858000 | 17858000 | 15153367 | 2704633 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 8645833 | 8645833 | 7241053 | 1404780 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 15000 | 14994 | 14994 | 6 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 7145000 | 7145000 | 7078969 | 66031 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 3941000 | 3941000 | 3941000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 8386997 | 8386997 | 7836997 | 55000 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | - | 1598499 | 1598499 | 1550672 | 47827 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | | 53740864 | 53740864 | 53740864 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 61200 | 1814615 | 1875815 | 1866781 | 9034 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ടോട്ടൽ സാനിറ്റേഷൻ | 1644145 | 1888065 | 3532210 | 95168 | 3437042 |
| | ഐ.സി.ഡി.എസ് | 676348 | 778713 | 1455061 | 1108456 | 346605 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | - | 1325000 | 1325000 | 1325000 | - |
| | ജില്ലാ പഞ്ചായത്ത് | 3900000 | 2305000 | 6205000 | 1055000 | 5150000 |
| ബി ഫണ്ട് | | - | 52254160 | 52254160 | 52254160 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 201143663 | 163 | 63753407 | 34 | 38 | 69.3 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 61200 | 1814615 | 1875815 | 1866781 | 9034 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 53740864 | 53740864 | 53740864 | - |
| ആകെ | 61200 | 55555479 | 55616679 | 55607645 | 9034 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 167160 | 282 |
| കർഷകതൊഴിലാളി പെൻഷൻ | 12403800 | 996 |
| വിധവാപെൻഷൻ | 14813000 | 1196 |
| വാർദ്ധക്യകാലപെൻഷൻ | 19782000 | 1390 |
| വികലാംഗപെൻഷൻ | 4137800 | 343 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 400400 | 33 |
| വിവാഹ ധനസഹായം | 480000 | 16 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.03.19 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 79333 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് ഏറെക്കുറെ ശ്രദ്ധിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വരവുചെലവു കണക്ക് സൂക്ഷിപ്പും രജിസ്റ്ററുകളുടെയും രേഖകളുടെയും സുരക്ഷിതമായ സൂക്ഷിപ്പും തൃപ്തികരമാണ്. വിവിധ പദ്ധതികൾക്കായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പുകൾ എന്നിവ വേർതിരിച്ച് സൂക്ഷിച്ചിട്ടുണ്ട്. വരവുകളും ചെലവുകളും കൃത്യമായി അക്കൌണ്ടു ചെയ്യപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്. സാമ്പത്തിക ഇടപാടുകൾ രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. പ്രതിമാസ വരവുചെലവു കണക്കുകൾ തൊട്ടടുത്ത മാസം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. ബാങ്ക് ബുക്ക് നീക്കിയിരിപ്പുകൾ പാസ്സ്ബുക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചു പോരുന്നതിനാൽ നീക്കിയിരിപ്പു തുകയുടെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങളൊന്നും തന്നെ ധനകാര്യസ്റ്റാൻഡിംഗ് കമ്മിററി യോഗങ്ങളിൽ ഉയർന്നു വന്നിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.02.2018 മുതൽ 16.02.2018 വരെ | 12/17മുതൽ 1/18 വരെ | 29/12/2018 |
| അക്കൗണ്ടന്റ് | 14/12/15 മുതൽ | 2010-11 | LBA(HQ)VI/8a/2365/880. |

| | | | |
|---|---|---|---|
| ജനറലിന്റെ ഓഡിറ്റ് | 29/12/15 വരെ | മുതൽ<br>2014-15 വരെ | തീ. 28.01.2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. ബാലൻസ് ഷീറ്റ് പ്രകാരം (ഷെഡ്യൂൾ - ബി 4) 3437042 രൂപ ടോട്ടൽ സാനിറ്റേഷൻ, ശുചിത്വമിഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ മേൽ തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ട് (സിൻഡിക്കേറ്റ് ബാങ്ക് അക്കൗണ്ട് നം. 44172210028334) , റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 31.03.2018 ന് 1895517 രൂപ മാത്രമാണ് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ളത്. നീക്കിയിരിപ്പിൽ 1541525 രൂപയുടെ കുറവ് കാണുന്നു.
2. ഇ-ടെണ്ടർ നടത്തുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഇത്തരത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് വരവ് വെച്ച തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. ലഭിക്കേണ്ട തുക എത്രയാണെന്ന കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല.
3. ഡേഡേഴ്സ് തൊഴിൽ നികുതി ഇനത്തിൽ 2017-18 വർഷത്തിൽ 1690170 രൂപയാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. എന്നാൽ ഡിമാന്റ് രജിസ്റ്ററിനെയും തുകയെയും സാധൂകരിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഡിമാന്റ് തുകയുടെ സാധുത പരിശോധിക്കാനായിട്ടില്ല.
4. കെട്ടിട വാടകയുടെ ഡിമാന്റ് രജിസ്റ്റർ, വരവ് രശീതുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കെട്ടിട ഉടമകളുമായി എഗ്രിമെന്റ് പുതുക്കാതെ വാടക ഈടാക്കുന്നതായി കാണുന്നു. ഇങ്ങനെ വാടക ഈടാക്കുന്ന രശീതുകളിൽ തുക അടക്കുന്ന ആളെ സംബന്ധിച്ച വിവരങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാടക മുറിയുടെ വിശദാംശം | തുക ഈടാക്കിയ രശീത് നമ്പറും തിയ്യതിയും | ഈടാക്കിയ തുക |
|---|---|---|---|
| 1 | മത്സ്യമാർക്കറ്റ് -FMG -5 | 117050112174 തി. 05.03.2018 | 5591 |
| 2 | മത്സ്യമാർക്കറ്റ് -FMG -4 | 117050112421 തി. 09.03.2018 | 6244 |
| 3 | മത്സ്യമാർക്കറ്റ് -FMG -3 | 117050113003 തി. 21.03.2018 | 6246 |

5. പഞ്ചായത്ത് നൽകിയ 3 മാസ കാലപരിധി പിന്നിട്ട ചെക്കുകളുടെ തുക "കാലാവധി പിന്നിട്ട ചെക്കുകൾ" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റി വാർഷിക കണക്കിൽ ആവശ്യമായ ക്രമീകരണം നടത്തേണ്ടതാണ്. എന്നാൽ ഈ ഇനത്തിൽ 2017-18 ൽ 3305 രൂപ മാത്രമാണ് ക്രമീകരിച്ചിട്ടുള്ളത്. പേരാമ്പ്ര റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് - 4167 എന്ന അക്കൗണ്ടിന്റെ 2018 മാർച്ച് മാസത്തിലെ റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ 16.01.2015 മുതൽ 30.10.2017 കാലയളവിലുള്ള 25 ചെക്കുകൾ 3 മാസ കാലപരിധി പിന്നിട്ടതായി കാണുന്നു. പ്രസ്തുത ചെക്കുകളുടെ ആകെ തുകയായ118578 രൂപ വാർഷിക കണക്കിൽ ക്രമീകരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്

കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 232 പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തു വകകൾക്കോ അപകടകരമോ, അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളതുമായ ഏതെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകിയ ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസൃതമല്ലാതെയും പഞ്ചായത്ത് പ്രദേശത്ത് യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാകുന്നു.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ -ചട്ടം 4 പ്രകാരം ഇക്കാര്യം പഞ്ചായത്ത് പരസ്യപ്പെടുത്തേണ്ടതും ആണ്. ചട്ടം 5 പ്രകാരം 1)ാം പട്ടികയിൽ പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഏതൊരു സ്ഥലത്തിന്റെയും ഉടമസ്ഥനോ കൈവശക്കാരനോ അങ്ങനെയുള്ള ആവശ്യത്തിന് അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കുന്നതിന് പരസ്യം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ (സഞ്ചയ പ്രകാരം)താഴെ ചേർക്കുന്നു

| | |
|---|---|
| 100 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ | 4999 |
| 100 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ളത് | 170 |
| 200 ച മി വരെ വിസ്തൃതിയുള്ള കെട്ടിടങ്ങൾ. | 07 |
| 200 ച മി ക്ക് മുകളിൽ വിസ്തൃതിയുള്ള ഷോപ്പിങ് മാളുകൾ | 27 |
| വാണിജ്യം, ബങ്കുകൾ, കമ്പ്യൂട്ടർ സെന്റർ | 5 |
| വ്യവസായിക ആവശ്യത്തിനുള്ളത് | 21 |
| ഇതര വ്യവസായത്തിനുള്ളത് | 149 |
| ആകെ | 5378 |

പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുള്ള 5378 കെട്ടിടങ്ങൾ ഉണ്ടായിരിക്കെ 2017-18 സാമ്പത്തിക വർഷത്തിൽ 1369പേർ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. നിലവിൽ ധാരാളം പേർ ലൈസൻസ് ഇല്ലാതെ വിവിധ ആവശ്യങ്ങൾക്കായി കെട്ടിടങ്ങൾ ഉപയോഗിക്കുന്നുണ്ട് എന്ന് മേൽ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. ഇക്കാര്യം പഞ്ചായത്ത് ഇതു വരെയും പരിശോധിച്ചിട്ടില്ല. പഞ്ചായത്തിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം നഷ്ടപ്പെടുന്ന എന്നതിലുപരി ജനങ്ങളുടെ ജീവനും സ്വത്തിനും, ആരോഗ്യത്തിനും ഹാനികരമാകും വിധം പ്രവർത്തിക്കുന്ന പ്രവർത്തനങ്ങളെ ഇല്ലാതാക്കുന്നതിനും/ഒഴിവാക്കുന്നതിനും പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് ഗ്രാമപഞ്ചായത്തിന്റെ പോരായ്മയായി വിലയിരുത്തുന്നു. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ഇക്കാര്യം അടിയന്തിരമായി പരിശോധിച്ച്, പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് എടുത്തു എന്ന് ഉറപ്പ് വരുത്തി ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്.

## 2-2 <u>പഴയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണയം - നികുതി നഷ്ടം സംഭവിക്കുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. സ.ഉ (എം എസ്)നം. 1 44/15 തസ്വ.ഭ വ തിയതി 27/04/2015 പ്രകാരം , വാർഷിക വാടക അടിസ്ഥാനത്തിൽ നികുതി ഈടാക്കി വരുന്ന വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ആദ്യമായി തറ വിസ്തീർണാടിസ്ഥാനത്തിൽ, നികുതി നിശ്ചയിക്കുമ്പോൾ , വസ്തു നികുതിയിൽ വർദ്ധനവ് ഉണ്ടാകുന്നുവെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് പരമാവധി 100 ശതമാനത്തിൽ നിജപ്പെടുത്തേണ്ടതാണ്.

പഞ്ചായത്തിലെ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 30രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എ ആർ വി അടിസ്ഥാനത്തിൽ മുമ്പ് തികുതി കണക്കാക്കിയ താഴെ പറയുന്ന 100 ച.മീ യിൽ കൂടുതൽ വിസ്തീർണമുള്ള

കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് സഞ്ചയയിൽ നികുതി കണക്കാക്കിയത്. ഇതുമൂലം പഞ്ചായത്തിനു ലഭിക്കേണ്ട നികുതിവരവിൽ നഷ്ടം സംഭവിച്ചു.

| കെട്ടിട നമ്പർ/<br>കെട്ടിടമുടമയുടെ പേരും വിലാസവും(സഞ്ചയ പ്രകാരം) | എ ആർ വി<br>അടിസ്ഥാനത്തിൽ ബാധകമാക്കിയിരുന്ന നികുതി | തറ വിസ്തീർണം<br>(സഞ്ചയ പ്രകാരം) | നിലവിൽ ബാധകമാക്കിയ നികുതി നിരക്ക് (സഞ്ചയ പ്രകാരം) | ബാധകമാക്കിയ നികുതി(ഇളവുകളും വർധനവും അടക്കം)+ലൈബ്രറി സെസ്സ്) | യഥാർത്ഥത്തിൽ ബാധകമാക്കേണ്ട നികുതി നിരക്ക് | ബാധകമാക്കേണ്ട നികുതി(ഇളവുകളും വർധനവും അടക്കം) +ലൈബ്രറി സെസ്) | നഷ്ടം(വസ്തു നികുതി+ ഗ്രന്ഥശാലാവരി) |
|---|---|---|---|---|---|---|---|
| 12/969<br>ടി.കെ.ജോഷി സെക്രട്ടറി കൊയിലാണ്ടി താലൂക്ക് കള്ള് ചെത്ത് തൊഴിലാളി സഹകരണസംഘം | 6048 | 352.62 | 30 | 9521+477=9998<br>മേഖല ദ്വിതീയം 10% ഇളവ് | 50 | 15868+794=16662<br>മേഖല ദ്വിതീയം 10% ഇളവ്<br>(പരമാവധിവർദ്ധനവ് 100%ത്തിൽ പരിമിതം)<br>12096+605=12701 | 2013-14=2703<br>2014-15=2703<br>2014-15=2703<br>2015-16=2703<br>2016-17=2703<br>2017-18=2703<br>Total 16218 |
| 12/1287ഡി<br>കുഞ്ഞമ്മത്,കല്ലാട്ട്, പേരാമ്പ്ര,പേരാമ്പ്ര,673525 | 2563<br>(പ്ലിന്ത് ഏരിയ) | 106.76 | 30 | 2563+129=2692<br>മേൽക്കൂര 10% ഇളവ്<br>വഴി സൗകര്യം 10%ഇളവ് | 50 | 4271+214 4485<br>മേൽക്കൂര 10% ഇളവ്<br>വഴി സൗകര്യം 10%ഇളവ് | 2015-16 2nd 897<br>2016-17=1793<br>2017-18=1793<br>Total 4483 |
| 14/171 A<br>രോഹിണി കൊരവംതലക്കൽ, പഞ്ചമം വീട്ടിൽ,പേരാമ്പ്ര, ,673525,, | 3940 | 119.35 | 30 | 3939+198=4137<br>വഴി സൗകര്യം 20%വർദ്ധനവ്<br>മേൽക്കൂര10%ഇളവ്<br>4925+247 =5172<br>(25%മിനിമം വർദ്ധനവ് പ്രകാരം നിജപ്പെടുത്തിയത്) | 50 | 6565+329 =6894<br>വഴി സൗകര്യം 20%വർദ്ധനവ്<br>മേൽക്കൂര10%ഇളവ് | 2014-15=1722<br>2014-15=1722<br>2015-16=1722<br>2016-17=1722<br>2017-18=1722<br>Total 8610 |
| 14/553<br>സഹദേവൻ,മാളിക്കണ്ടി,,,,, | 5386 | 220.19 | 30 | 6904+346 7250<br>കാലപ്പഴക്കം 10% ഇളവ്<br>ഒന്നാം നില 5%ഇളവ്<br>വഴി സൗകര്യം 20%വർദ്ധനവ് | 50 | 11505+576 =12081<br>കാലപ്പഴക്കം 10% ഇളവ്<br>ഒന്നാം നില 5%ഇളവ്<br>വഴിസൗകര്യം 20%വർദ്ധനവ്<br>10772+539 =11311<br>(പരമാവധിവർദ്ധനവ് 100%ത്തിൽ പരിമിതം) | 2013-14=4061<br>2014-15=4061<br>2014-15=4061<br>2015-16=4061<br>2016-17=4061<br>2017-18=4061<br>Total 24366 |
| 14/1039 A<br>ഹമീദ് ഹാജി,കരയത്ത്,,നാദാപുരം,,, | 3050 | 107 | 30 | 3660+183=3843<br>വഴി സൗകര്യം 20%വർദ്ധനവ്<br>ഒന്നാം നില 5%ഇളവ് | 50 | 6099+305=6404<br>വഴി സൗകര്യം 20%വർദ്ധനവ്<br>ഒന്നാം നില 5%ഇളവ് | 2013-14=2561<br>2014-15=2561<br>2014-15=2561<br>2015-16=2561<br>2016-17=2561<br>2017-18=2561 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | Total 15366 |
| 14/1258<br>ഡോ.കെ രാജൻ നമ്പ്യാർ,നളിനാലയം, പേരാമ്പ്ര,പേരാമ്പ്ര,673525,, | 4158 | 195.88 | 30 | 3526+177=3703<br>മേൽക്കൂര10%ഇളവ്<br>കാലപ്പഴക്കം 50% ഇളവ്(50years)<br>വഴി സൗകര്യം 20%വർദ്ധനവ്<br>5198+260=5458<br>(25%മിനിമം വർദ്ധനവ് പ്രകാരം നിജപ്പെടുത്തിയത്) | 50 | 5877+294=6171<br>മേൽക്കൂര10%ഇളവ്<br>കാലപ്പഴക്കം 50% ഇളവ്<br>വഴി സൗകര്യം 20%വർദ്ധനവ് | 2013-14 =713<br>2014-15 =713<br>2014-15 =713<br>2015-16 =713<br>2016-17 =713<br>2017-18 =713<br>Total 4278 |
| 15/741<br>ബാലകൃഷ്ണൻ നായർ,ഉദയ,,,,, | 3402 | 160 | 30 | 5016+251=5267<br>കാലപ്പഴക്കം 10% ഇളവ്<br>വഴി സൗകര്യം 20%വർദ്ധനവ്<br>ഒന്നാം നില 5%ഇളവ് | 50 | 8360+418=8778<br>കാലപ്പഴക്കം 10% ഇളവ്<br>വഴി സൗകര്യം 20%വർദ്ധനവ്<br>ഒന്നാം നില 5%ഇളവ്<br>6804+341=7145<br>(പരമാവധിവർദ്ധനവ് 100%ത്തിൽ പരിമിതം) | 2013-14=1878<br>2014-15=1878<br>2014-15=1878<br>2015-16=1878<br>2016-17=1878<br>2017-18=1878<br>Total 11268 |

മേൽ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച്, പുതിയ നിരക്കിൽ കുടിശ്ശിക സഹിതം ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-3 തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കാത്തത് - സംബന്ധിച്ച്

1.കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 205 ബി, കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 13 പ്രകാരം എല്ലാ കെട്ടിടങ്ങളുടെയും ഉടമസ്ഥരോട് കെട്ടിടം ഉപയോഗിക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ സ്ഥാപനം നോട്ടീസ് നല്കേണ്ടതും നിശ്ചിത ഫോറത്തിൽ വിവരം വാങ്ങേണ്ടതുമാണ്

2)കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 14 പ്രകാരം നോട്ടീസ് മൂലം സെക്രട്ടറിക്ക് തൊഴിലുടമയോട് ജീവനക്കാരോ,ഉദ്യോഗസ്ഥൻമാരോ കരാറുകാരോ ആയി ജോലി ചെയ്യുന്ന എല്ലാവരുടെയും പേര് അടങ്ങിയ ലിഖിതമായ ലിസ്റ്റ് അങ്ങനെ ജോലിയിൽ ഏർപ്പെടുത്തിയിട്ടുള്ള ആളുടെ ശമ്പളത്തേയോ വരുമാനത്തേയോ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഹിതം സെക്രട്ടറി ആവശ്യപ്പെടാവുന്നതാണ്.

3.. കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങൾ -ചട്ടം 16 പ്രകാരം തൊഴിലുടമയോടോ ,അവരുടെ പ്രതിനിധികളോടോ രണ്ടാം നമ്പർ ഫോറത്തിൽ തൊഴിലെടുക്കുന്നവരുടെ വിവരം ലഭ്യമാക്കാൻ ,ഒന്നാം നമ്പർ ഫോറത്തിൽ നോട്ടീസ് നല്കേണ്ടതാണ്

4. വാടകയിലൂടെ വരുമാനമാർജ്ജിക്കുന്ന കെട്ടിട ഉടമകളെ ഉൾപ്പെടുത്തിയും ക്രമനം 1 ൽ സൂചിപ്പിച്ച, കെട്ടിട ഉടമകൾ ലഭ്യമാക്കുന്ന വിവരങ്ങളും 3ൽ സൂചിപ്പിച്ച ഫോറം 2ലെ വിവരങ്ങളും അടിസ്ഥാനപ്പെടുത്തിയുമാണ് ഇൻസ്റ്റിറ്റ്യൂഷൻ രജിസ്റ്റർ,ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കേണ്ടത്.

എന്നാൽ നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള മേൽ നടപടിക്രമങ്ങൾ സ്ഥാപനത്തിൽ പാലിക്കപ്പെട്ടിട്ടില്ല.

മേൽ നടപടിക്രമങ്ങൾ പാലിക്കാത്തതുകൊണ്ട്, കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും മാത്രമല്ല കെട്ടിട ഉടമകളും തൊഴിൽ നികുതി പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടു. വിശദവിവരം ചുവടെ ചേർക്കുന്നു.

2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണുന്നു.

| ഡി&ഒ രജിസ്റ്ററിലെ ക്രമ നം | അപേക്ഷകന്റെ പേര് | വാർഡ് നം/സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1217 | ഉമർ ടി | മലബാർ വിഷൻ ഡയഗ്നോസ്റ്റിക് സർവീസ് | 4 |
| 1217 | ഹഫ്സൽ സി | ക്വാളിറ്റി അസേ & ഹാൾ മാർക്കിങ് സെന്റർ | 7<br>2017-18 രണ്ടാം അർദ്ധ വർഷം മുതൽ |
| 490 | ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ | സുഭിക്ഷ കോകനറ്റ് പ്രൊഡ്യൂസർ കമ്പനി | 20 |
| 989 | സെക്രട്ടറി, | മാർവെൽ ഫുഡ് പ്രൊഡക്ട്സ്, മരുതേരി | 7 |
| 611 | സി റജി | ഇ എം എസ് ഹോസ്പിറ്റൽ പേരാമ്പ്ര<br>(24 പേരുടെ തൊഴിൽ നികുതി മാത്രമാണ് ഈടാക്കുന്നത്) | 63, |
| 173 | ജയിംസ് എടച്ചേരി | പേരാമ്പ്ര കോകനറ്റ് പ്രൊഡ്യൂസർ(പ്രൈ ലിമി) | 5 |
| 175 | യു ജയൻ | ഉദയ മെഡിക്കൽസ്,പേരാമ്പ്ര | 5 |
| 178 | കെ പി ഗൗരി | രഘുനാഥ് ഓട്ടോ ഫ്യൂവൽസ് | 7 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ, സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തതിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

2017-18 വർഷത്തിൽ തൊഴിൽ നികുതി പരിശോധനയുടെ ഭാഗമായി ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ വാർഷിക ധനകാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന മറ്റ് അപാകതകളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- പഞ്ചായത്ത് പരിധിയിൽ താമസിച്ച് കെട്ടിടങ്ങൾ വാടകക്ക് നൽകി വരുമാനം ആർജ്ജിക്കുന്നവരിൽ നിന്നും സ്ഥാപനം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
- പഞ്ചായത്ത് പരിധിയിൽ ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.(ഉദാ- ഇ.എം.എസ് ഹോസ്പിറ്റൽ പേരാമ്പ്രയിൽ 63 ജീവനക്കാർ ഉള്ളതായി രജിസ്ട്രേഷൻ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 24 പേരുടെ വിശദാംശങ്ങൾ മാത്രമെ റിട്ടേണിൽ ലഭ്യമായിട്ടുള്ളു. )
- ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകളിൽ വിരമിക്കൽ/ സ്ഥലംമാറ്റം തീയതി രേഖപ്പെടുത്തുന്നില്ല (ഉദാ- കെ.എസ്.ഇ.ബി പേരാമ്പ്ര നോർത്ത് , ശ്രീ.ചന്ദ്രൻ,കെ.ഒ എന്ന ജീവനക്കാരനെ വിരമിച്ചതായി റിട്ടേണിൽ രേഖപ്പെടുത്തുകയും ഡിമാന്റിൽ നിന്നും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വിരമിക്കൽ തീയതി ലഭ്യമല്ല ). റിട്ടയർ ചെയ്യുന്ന തിയ്യതി/സ്ഥലം മാറി പോവുന്ന തിയ്യതി രേഖപ്പെടുത്താത്തതിനാൽ ജീവനക്കാരൻ 60

ദിവസത്തിൽ കുറഞ്ഞദിവസമാണോ സ്ഥാപന പരിധിയിൽ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളത് എന്നത് ഉറപ്പു വരുത്താൻ സ്ഥാപനത്തിന് സാധിച്ചിട്ടില്ല.

- കുറ്റ്യാടി ഇറിഗേഷൻ പ്രൊജക്ട് കനാൽ സെക്ഷൻ II ലെ ഡെയ്സൺ തോമസ് എന്ന ജീവനക്കാരന്റെ രണ്ട് അർദ്ധവർഷങ്ങളിലെയും ആകെ വരുമാനം 112866 രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2016-17 രണ്ടാം അർദ്ധവർഷത്തിൽ ടിയാന്റെ ആകെ വരുമാനം 120380 രൂപയാണ്.2016-17 ൽ നിന്നും ശമ്പളത്തിൽ കുറവുണ്ടായതിന്റെയും 2017-18 വർഷത്തിലെ രണ്ട് അർദ്ധ വർഷങ്ങളിലും വരുമാനത്തിൽ മാറ്റമില്ലാതെ തുടരുന്നതിന്റെയും കാരണം ഡിമാന്റ് ചെയ്യും മുൻപ് സ്ഥാപനം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. റിട്ടേൺ പ്രകാരമുള്ള വിവരങ്ങളുടെ കൃത്യത പരിശോധിക്കാതെയാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതെന്ന് മേൽ വിഷയത്തിൽ നിന്നും വ്യക്തമാണ്. തൊഴിൽ നികുതി റിട്ടേൺ പരിശോധിച്ച് സെക്ഷനിൽ തയ്യാറാക്കുന്ന ഡിമാന്റിന്റെ കൃത്യത മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ ആരും തന്നെ പരിശോധിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയുള്ള നടപടിക്രമങ്ങൾ പാലിച്ച് തൊഴിലുടമകൾ, കെട്ടിട ഉടമകൾ, ആഫീസ് മേധാവികൾ എന്നിവരോട് വിവരങ്ങളും രേഖകളും ആവശ്യപ്പെടുന്നതിലുണ്ടായ വീഴ്ചയാണ് 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളുടെ പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും/സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ സ്ഥാപനത്തിന് വീഴ്ചയുണ്ടായതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട പരിഹാര നടപടികൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. ധനകാര്യ സ്റ്റാന്റിങ് കമ്മറ്റിയിൽ ഇക്കാര്യങ്ങൾ ചർച്ച ചെയ്യുകയോ, തീരുമാനങ്ങളെടുക്കുകയോ ചെയ്തിട്ടില്ല.നികുതി ഒടുക്കാൻ ബാധ്യസ്ഥമായ സ്ഥാപനങ്ങൾ,തൊഴിലാളികൾ,വരുമാനദായകർ എന്നിവരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 205 ബി മുതൽ 205 എഫ് വരെയും സെക്ഷൻ 204 – (1) പ്രകാരവുമുള്ള നടപടിക്രമങ്ങൾ ഉറപ്പ് വരുത്തി ഡിമാന്റ് പൂർണ്ണമാക്കേണ്ടതാണ്

## 2-4 കെട്ടിടത്തിന്റെ ഉപയോഗ ക്രമം തെറ്റായി നിശ്ചയിച്ചു- നികുതി നഷ്ടം സംഭവിക്കുന്നു

2017-18 വർഷത്തെ ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 1369 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ഈ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ എല്ലാം തന്നെ വാണിജ്യ സ്ഥാപനങ്ങളായാണ് നികുതി നിർണയിക്കുമ്പോൾ കണക്കാക്കേണ്ടത്. സഞ്ചയയിൽ നികുതി നിർണയിച്ചതിന്റെ വിവരം പരിശോധിച്ചപ്പോൾ പല സ്ഥാപനങ്ങളുടെയും ഉപയോഗ ക്രമം തെറ്റായി കാണിച്ചിട്ടുണ്ട്. ഇത് മൂലം വസ്തുനികുതിയിൽ നഷ്ടം സംഭവിക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഡി&ഒ ലൈസൻസ് രജിസ്റ്ററിലെ ക്രമ നമ്പർ | കെട്ടിട നമ്പർ | ഡി&ഒലൈസൻസ് അപേക്ഷ/രജിസ്റ്റർ പ്രകാരംകെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വിവരം | കെട്ടിടത്തിന്റെ ഉടമസ്ഥന്റെ പേര് (സഞ്ചയ) | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗ ക്രമം |
|---|---|---|---|---|
| 113 | 05/397 എ | റോയൽ ഇന്റർലോക്& ടൈൽസ് | ലീലഅമ്മ,കാരപറമ്പത്ത് | പാർപ്പിടാവശ്യം |
| 571 | 5/874 | നാഷനൽ ഒപ്റ്റിക്കൽസ് | മൊയ്തീൻ,മടത്തുംപടിക്കൽ | അസംബ്ലി കെട്ടിടം |
| 708 | 5/671എ,ബി | സരോജ് | മമ്മുഹാജി,മുഹമ്മദലി,അബ്ദുൾ | അസംബ്ലി |

| | | | | |
|---|---|---|---|---|
| | | ഡയഗ്നോസ്റ്റിക് ലബോറട്ടറി | റഷീദ് കുഞ്ഞിപീടികയിൽ | കെട്ടിടം,കൺവെൻഷൻ സെൻറർ, |
| 1256 | 5/92 | ഔമെൻ്റർ ബിസ് സോലൂഷൻ | അമ്മത്,പിലാത്തോട്ടത്തിൽ | പാർപ്പിടാവശ്യം |

പഞ്ചായത്തിലെ 5-ാം വാർഡിലെ ഡി& ഒ ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങൾ മാത്രമാണ് പരിശോധനക്ക് വിധേയമാക്കിയിട്ടുള്ളത്. വാണിജ്യ കെട്ടിടങ്ങളുടെ ഉപയോഗ ക്രമം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയത് മൂലം വലിയ നികുതി നഷ്ടമാണ് വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് സംഭവിച്ച് കൊണ്ടിരിക്കുന്നത്. വാർഡ് അടിസ്ഥാനത്തിൽ കൃത്യമായ പരിശോധന നടത്തിയാണ് ഓരോ കെട്ടിടത്തിന്റെയും ഉപയോഗ ക്രമം സഞ്ചയയിൽ ചേർക്കേണ്ടിയിരുന്നത്. ഇങ്ങനെ ചെയ്യാത്തതിനാലാണ് നികുതി നഷ്ടം തുടർന്നു കൊണ്ടിരിക്കുന്നത്. പഞ്ചായത്തിലെ മുഴുവൻ കെട്ടിടങ്ങളുടെയും ഉപയോഗ ക്രമം സഞ്ചയയിൽ രേഖപ്പെടുത്തിയത് കൃത്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിററി മേൽനോട്ടം വഹിക്കേണ്ടതും ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തുന്നതു മൂലം പഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ നടപടികൾ സ്വീകരിച്ച് അപാകതകൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയ്ക്കേണ്ടതുമാണ്

## 2-5 ബിൽഡിംഗ് പെർമിറ്റ്-പൊതു അപാകതകൾ.

2017-18 വർഷത്തിൽ ബിൽഡിംഗ് പെർമിറ്റ്, കംപ്ലീഷൻ, ക്രമവത്കരണം, പെർമിറ്റ് പുതുക്കൽ , ഭൂവികസനം എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകൾ, ബിൽഡിംഗ് പെർമിറ്റ് അപേക്ഷാ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ സ്ഥാപനത്തിൽ നിലനിൽക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 40.38 ശതമാനം അപേക്ഷകളും ക്രമവത്കരണത്തിന്.

2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് 2017-18 വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ വിശദാംശം പട്ടികയിൽ ചേർക്കുന്നു.

| ഇനം | ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് | ഓഡിറ്റ് തീയതിയിൽ തീർപ്പാകാതെ അവശേഷിക്കുന്നത് |
|---|---|---|---|---|
| പെർമിറ്റ്/ കംപ്ലീഷൻ | 313 | 266 | 47 | 0 |
| ക്രമ വത്കരണം | 212 | 212 | 0 | 0 |
| ആകെ | 525 | 488 | 47 | 0 |

- കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് ലഭ്യമായിട്ടുള്ള ഭൂരിഭാഗം അപേക്ഷകളിലും സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. 2017-18 ൽ ആകെ ലഭിച്ച 525 അപേക്ഷകളിൽ 212 എണ്ണവും ക്രമ വത്കരണത്തിനുള്ളതാണ്. 2011 ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂളിലെ, ചട്ടം 138 ൽ കെട്ടിടങ്ങളുടെ ക്രമവത്കരണം നടത്തുന്നതിന് സെക്രട്ടറിക്കുള്ള അധികാരങ്ങൾ വ്യക്തമാക്കുന്നതിനൊപ്പം അനധികൃത കെട്ടിട നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തി തടയുന്നതിൽ സെക്രട്ടറിക്ക് ചട്ട പ്രകാരമുള്ള ഉത്തരവാദിത്തം ഒഴിവാക്കപ്പെടുന്നില്ലെന്നത് വ്യക്തമായി പരാമർശിക്കുന്നുണ്ട്. എന്നാൽ മേൽ ഉത്തരവാദിത്തം നിർവ്വഹിക്കുന്നതിൽ സെക്രട്ടറി വീഴ്ച വരുത്തി എന്നാണ് ഈ ഇനത്തിൽ ലഭ്യമാവുന്ന അപേക്ഷകളുടെ ബാഹുല്യം സൂചിപ്പിക്കുന്നത്. ചട്ടം 137 (3) പ്രകാരം ക്രമവത്കരണത്തിന് രജിസ്റ്റർ തയ്യാറാക്കി പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം പ്രത്യേകം നിരീക്ഷിച്ചിട്ടില്ല.
- കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട് സ്ഥാപനത്തിൽ ലഭ്യമാവുന്ന അപേക്ഷകൾ സാങ്കേതിക വിഭാഗം പരിശോധന നടത്തി സെക്രട്ടറിക്ക് സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്ന രീതിയിലുള്ള സംവിധാനമാണ് സ്ഥാപനത്തിലുള്ളത്. സാങ്കേതിക വിഭാഗത്തിലെ ഓവർസിയർ തയ്യാറാക്കുന്ന അന്വേഷണ റിപ്പോർട്ട് മേൽനോട്ട ചുമതലയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധിച്ച് ആധികാരികമാക്കുന്നില്ല. സെക്രട്ടറിക്ക് ലഭ്യമാവുന്ന ഇത്തരത്തിലുള്ള റിപ്പോർട്ടുകളിലുണ്ടാകുന്ന പിഴവുകൾ

മേൽനോട്ട ചുമതലയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ പരിശോധിച്ച് തിരിച്ചറിയുന്ന രീതിയിൽ ചുമതലാ വിഭജനം നടത്തിയിട്ടില്ല. പ്രസ്തുത വീഴ്ചയാണ് ഖണ്ഡിക 2- ൽ പരാമർശിച്ച അപാകതകൾക്ക് കാരണമായിട്ടുള്ളത്.

- പെർമിറ്റില്ലാതെയുള്ള നിർമ്മാണങ്ങളുടെ ബാഹുല്യത്തിന്റെ പ്രധാന കാരണം ഫീൽഡ് തല റിപ്പോർട്ടിംഗ് കാര്യക്ഷമമല്ലാത്തതാണ്. ഓഡിറ്റ് അന്വേഷണകുറിപ്പ് 12 നുള്ള മറുപടിയിൽ ഫീൽഡ് തല റിപ്പോർട്ടിംഗ് മൂലമാണ് ക്രമവത്കരണത്തിനുള്ള അപേക്ഷകൾ വർദ്ധിച്ചതെന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള റിപ്പോർട്ടുകൾ സ്ഥാപനം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.മാത്രമല്ല നിർമ്മാണം പൂർത്തീകരിച്ചതിന് ശേഷമുണ്ടാകുന്ന റിപ്പോർട്ടുകൾ ചുമതലാ നിർവ്വഹണത്തിൽ കാലതാമസമുണ്ടാകുന്നുണ്ടെന്നതിന്റെ സൂചനയാണ്.
- സ്ഥാപനത്തിൽ ലഭ്യമാവുന്ന കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട പരാതി/ വിവരാവകാശ അപേക്ഷകളിന്മേൽ വിവരാവകാശ നിയമം 2005 പ്രകാരം മറുപടികൾ നൽകുക എന്ന ചുമതലക്കപ്പുറം ഇത്തരം അപേക്ഷകളിൽ നിന്നും ലഭ്യമാവുന്ന വിവരസൂചകങ്ങൾ കെട്ടിടനിർമ്മാണ നിയന്ത്രണ ചുമതലകൾ നിർവ്വഹിക്കുന്നതിന് സഹായകമാവുന്ന രീതിയിൽ സ്ഥാപനം ഉപയോഗപ്പെടുത്തുന്നില്ല. ഉദാ-സ്ഥാപനപരിധിയിൽ പ്രവർത്തിക്കുന്ന സാഗർ കോളേജ് എന്ന ട്യൂട്ടോറിയൽ സ്ഥാപനവുമായി ബന്ധപ്പെട്ട വിവരാവകാശ അപേക്ഷയിൽ അനധികൃത നിർമ്മാണം, വിനിയോഗ ഗണത്തിലെ മാറ്റം എന്നിവ സംബന്ധിച്ച സൂചനകളുണ്ടെങ്കിലും അപേക്ഷകന് മറുപടി നൽകും മുൻപ് ഫീൽഡ് തല പരിശോധന നടത്തി റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

മേൽ പരാമർശിച്ച അപാകതകൾ സ്ഥാപനതലത്തിൽ പരിശോധിക്കേണ്ടതും , താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് ഉചിതമായ പരിഹാര നടപടികൾ സ്വീകരിച്ച് , സെക്രട്ടറി ഓഡിറ്റിന് റിപ്പോർട്ട് ചെയ്ത് പരാമർശം ഒഴിവാക്കേണ്ടതുമാണ്.

1. പെർമിറ്റില്ലാതെ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിന് ഫീൽഡ് ക്ലർക്കുമാർക്ക് നിർദ്ദേശം നൽകേണ്ടതും, കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ പരിപാലനം ഉറപ്പ് വരുത്തേണ്ടതുമാണ്.അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്ന പക്ഷം ചട്ട പ്രകാരം ക്രമപെടുത്തി നൽകുകയോ , പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണ്.

2. അപേക്ഷ രജിസ്റ്റർ പൂർണ്ണമായ രീതിയിൽ പരിപാലിക്കേണ്ടതാണ്. മുഴവൻ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തി, പെർമിറ്റുകൾ കെട്ടിട നിർമ്മാണ പൂർത്തീകരണം വരെ നിരീക്ഷിക്കേണ്ടതാണ്. കാല പരിധി പിന്നിട്ട പെർമിറ്റുകളുടെ തത്സ്ഥിതി പരിശോധിക്കുന്നതിന് ഫീൽഡ് ക്ലർക്കുമാരെ ചുമതലപ്പെടുത്തേണ്ടതാണ്.

3. ഓവർസിയർ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ കൃത്യത സെക്രട്ടറിക്ക് കീഴിലുള്ളതും മേൽ നോട്ടചുമതയുള്ളതുമായ ഒരു ഉദ്യോഗസ്ഥനാൽ ഉറപ്പ് വരുത്തും വിധം ചുമതലാ നിർവ്വഹണം ക്രമീകരിക്കേണ്ടതാണ്.

## 2-6 ചട്ടം പാലിക്കാതെ നടത്തിയ നിർമ്മാണങ്ങൾ ക്രമവത്കരിച്ച് നൽകി

കെട്ടിട നിർമ്മാണ നിയന്ത്രണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് 13, 25 എന്നിവക്ക് സ്ഥാപനം മറുപടി ലഭ്യമാക്കിയിട്ടില്ല.

1. ഫയൽ നം. എ2/8702/17 തീ. 16.08.2017, കുഞ്ഞിക്കേളു നായർ

വാണിജ്യാവശ്യത്തിനുള്ള കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനായി ശ്രീ.കുഞ്ഞിക്കേളുനായർ സമർപ്പിച്ച മേൽ അപേക്ഷയിന്മേൽ നിർമ്മാണം ക്രമവത്കരിച്ച് 12/1266 ബി- മുതൽ 12/1266 ഇ വരെയുള്ള നമ്പറുകൾ അനുവദിച്ച് നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.. 434.01 ച.മീ കാർപെറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 38 പ്രകാരം 6 കാറുകൾക്കുള്ള പാർക്കിംഗ് ആവശ്യമുണ്ട്. എന്നാൽ പ്ലോട്ടിൽ 4 കാർ പാർക്കിംഗിനുള്ള സ്ഥലം മാത്രമെ സജ്ജീകരിച്ചിട്ടുള്ളൂ. മതിയായ ടൂവീലർ പാർക്കിംഗ്, ചട്ടം 104 പ്രകാരം ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ് എന്നിവയും സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല.എന്നാൽ അപേക്ഷയിന്മേൽ സാങ്കേതിക പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ നിർമ്മാണം 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പരാമർശിച്ച അപാകതകൾ നിലനിൽക്കെ കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകിയതിന് സെക്രട്ടറി, അന്വേഷണ റിപ്പോർട്ട് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ എന്നിവർ വിശദീകരണം ലഭ്യമാക്കേണ്ടതും കെട്ടിടം ക്രമവത്കരിച്ച് നൽകിയ നടപടി റദ്ദ് ചെയ്ത്

അനധികൃത നിർമ്മാണമായി കണക്കാക്കി തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ഫയൽ നം. എ2/2604/15 തീ. 28.12.2015, രാജൻ നായർ,ശ്രീധരൻ നായർ, കുട്ടമ്പത്ത്.പി.ഒ.

വാണിജ്യാവശ്യത്തിനുള്ള 995.9 ച.മീ തറവിസ്തീർണ്ണവും 768.19 ച.മീ കാർപെറ്റ് വിസ്തീർണ്ണവുമുള്ള കെട്ടിടത്തിന്റെ തറനിലയിലെ ടോയ്‌ലറ്റ് സ്ഥിതി ചെയ്യുന്ന ഭാഗത്താണ് 2 കാറുകൾക്കുള്ള പാർക്കിംഗ് രേഖപ്പെടുത്തിയിട്ടുള്ളത്. ശേഷിക്കുന്ന 9 കാറുകൾക്കുള്ള പാർക്കിംഗ്, ടൂ വീലറുകൾക്കുള്ള പാർക്കിംഗ് എന്നിവ കെട്ടിടത്തിന്റെ പിൻഭാഗത്താണ് രേഖപ്പെടുത്തിയിട്ടുള്ളത്. പാർക്കിംഗ് സ്ഥലത്തേക്കുള്ള വഴിയുടെ വീതി ടോയ്‌ലറ്റ് ഉള്ള ഭാഗത്ത് 2 മീറ്ററിൽ കുറവാണെന്ന് കാണുന്നു. കെട്ടിടത്തിന്റെ കാർപാർക്കിംഗ് രേഖപ്പെടുത്തിയ ഭാഗത്ത് പാർപ്പിടാവശ്യത്തിനുള്ള ഒരു കെട്ടിടം നിലനിൽക്കുന്നതായി പ്ലാനിൽ നിന്നും വ്യക്തമാണ്. മേൽ കെട്ടിടം പൊളിച്ച് മാറ്റാതെയാണ് കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകിയിട്ടുള്ളത്. ഇക്കാരണത്താൽ കെട്ടിടത്തിന്ചട്ടപ്രകാരം ആവശ്യമായ പാർക്കിംഗ് ക്രമീകരിക്കാതെയാണ് കെട്ടിട നിർമ്മാണം ക്രമവത്കരിച്ച് നൽകിയിട്ടുള്ളതെന്ന് വ്യക്തമാണ്. കെട്ടിടത്തിന്റെ പിൻവശത്തുള്ള പാർക്കിംഗ് സ്ഥലത്തേക്കുള്ള വഴിയുടെ ഏറ്റവും കുറഞ്ഞ വീതി, പാർപ്പിടാവശ്യത്തിനുള്ളതും കെട്ടിടത്തിന്റെ പിറക് ഭാഗത്തുള്ളതുമായ കെട്ടിടത്തിന്റെ തത്സ്ഥിതിയും പാർക്കിംഗിനായി രേഖപ്പെടുത്തിയിട്ടുള്ള ഭാഗത്തെ ടോയ്‌ലെറ്റിന്റെയും തത്സ്ഥിതിയും പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഓഡിറ്റ് അന്വേഷണകുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. മേൽ വസ്തുതകൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തറവിസ്തീർണ്ണാനുപാതം - അധിക ഫീ ഈടാക്കിയില്ല.

ശ്രീ.കുഞ്ഞമ്മദ്.പടിയങ്ങൽ, ചേനോളി.പി.ഒ , പേരാമ്പ്ര എന്നവരുടെ അപേക്ഷയിന്മേൽ ബി.എ 243/11-12 നമ്പറായി 05.10.2011 തീയതിയിൽ 1331.43 ച.മീ തറവിസ്തീർണ്ണത്തിൽ 4 നില വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പെർമിറ്റ് നൽകിയിട്ടുണ്ട്. വ്യതിചലന പ്ലാൻ സമർപ്പിച്ചതിനെ തുടർന്ന് 06.07.2013 തീയതിയിൽ ബി.എ 434/12-13 നമ്പറായി 1674.75 ച.മീ തറവിസ്തീർണ്ണത്തിൽ വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് പുതിയ പെർമിറ്റ് നൽകിയിട്ടുണ്ട്.എ2-7718/16 നമ്പർ ഫയൽ പ്രകാരം കെട്ടിടത്തിന്റെ വിനിയോഗ ഗണം താമസ- വാണിജ്യ ഗണങ്ങളിലേക്ക് മാറ്റുന്നതിന് പഞ്ചായത്ത് അനുമതി നൽകിയിട്ടുണ്ട്.ആയത് പ്രകാരം അംഗീകരിച്ച് നൽകിയ ബിൽഡിംഗ് പ്ലാനിൽ എഫ്.എ.ആർ 2.65 ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. (വി. - 1651.28ച.മീ , പ്ലോട്ട് വി.15.35 സെന്റ്-621 ച.മീ) . 30.01.2018 ലെ എ2/662/18 നമ്പറായുള്ള പൂർത്തീകരണ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.(ഫയൽ പൂർണ്ണമല്ല ).

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം പാർപ്പിട വിനിയോഗ ഗണത്തിലുള്ള കെട്ടിടങ്ങൾക്ക് അധിക ഫീസില്ലാതെ അനുവദനീയമായ പരമാവധി തറവിസ്തീർണ്ണ അനുപാതം 2.5 ആണ്.ആയത് പ്രകാരം അനുവദനീയമായ തറവിസ്തീർണ്ണ അനുപാത പരിധി പ്രകാരം 1552.5 ച.മീ കൂടുതലുള്ള തറവിസ്തീർണ്ണമായ 99 ച.മീ ന് അധിക ഫീ ഈടാക്കാതെയാണ് വ്യതിയാന പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുള്ളത്. നിർമ്മിത വിസ്തീർണ്ണത്തിന്റെ കൃത്യത പരിശോധിക്കാതെയാണ് പ്ലാൻ അംഗീകരിച്ച് നൽകിയിട്ടുള്ളത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്. അംഗീകരിച്ച് നൽകിയ പ്ലാൻ പ്രകാരം എഫ്.എ.ആർ അനുവദനീയമായ പരിധി പിന്നിട്ടിട്ടും അധികരിച്ച തറവിസ്തീർണ്ണത്തിന് ആനുപാതികമായി ഫീ ഈടാക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1651.28 ച.മീ തറവിസ്തീർണ്ണവും 995.64 ച.മീ കാർപെറ്റ് വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 20 കാറുകൾക്കുള്ള പാർക്കിംഗ് ആവശ്യമാണ് . എന്നാൽ സെല്ലാർ നിലയിലേത് ഉൾപ്പെടെ 8 കാറുകൾക്കുള്ള പാർക്കിംഗ് മാത്രമെ സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളൂ. ഭിന്നശേഷിക്കാർക്കുള്ള പാർക്കിംഗ്, ടൂവീലർ പാർക്കിംഗ് എന്നിവയും സൈറ്റിൽ ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിലും വ്യതിചലന പ്ലാൻ അംഗീകരിച്ച് നൽകിയ നടപടി വിശദീകരിക്കേണ്ടതാണ്.

കെട്ടിടത്തിന്റെ നിർമ്മിത വിസ്തീർണ്ണത്തിന്റെ കൃത്യത നിർണ്ണയിച്ച് എഫ്.എ.ആർ ഈടാക്കേണ്ടതുണ്ടോ എന്നത് പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. കെട്ടിടത്തിന് മതിയായ പാർക്കിംഗ് സൗകര്യം ഉണ്ടോ എന്നതും പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 2-7 ആസ്തികളിൽ നിന്നും വരുമാനം ഉറപ്പ് വരുത്തുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും വരുമാന സാധ്യത ഉള്ളതുമായ, ടാക്സി സ്റ്റാന്റ്, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ ഉപയോഗപ്പെടുത്തി തനത് വരുമാനം ഉറപ്പാക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയിട്ടുണ്ട്. നടപടി

ക്രമങ്ങളിലുണ്ടായ കാലതാമസവും വീഴ്ചയും വരുമാന നഷ്ടത്തിന് പുറമെ സാമ്പത്തിക ബാധ്യത സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വിപണന -കൃഷി വിജ്ഞാന കേന്ദ്രം

2012-13 വർഷത്തിലാണ് കാർഷിക വിപണന -കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളത്. കെ.യു.ആർ.ഡി.എഫ്.സിയിൽ നിന്നും ഓഡിറ്റ് തിയ്യതി വരെ എടുത്തിട്ടുള്ള 32664303 രൂപ ഉൾപ്പെടെ 5,90,04,563 രൂപ കെട്ടിട നിർമ്മാണത്തിനായി സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. ഓഡിറ്റ് തീയതിവരെ 23627088 ലോൺ തിരിച്ചടവിനായി തനത് ഫണ്ടിൽ നിന്നും സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. വിപണന കേന്ദ്രം നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ വാടക ഇനത്തിൽ സ്ഥാപനത്തിന് വരുമാനമൊന്നുമില്ല.അതേ സമയം ഓരോ മൂന്ന് മാസത്തിലും ശരാശരി 19 ലക്ഷത്തോളം ലോൺ തിരിച്ചടവ് ഇനത്തിൽ സ്ഥാപനത്തിന് ബാധ്യത വരുന്നുമുണ്ട്. കെട്ടിടത്തിലെ മുറികൾ ലേലം ചെയ്യുതുമായി ബന്ധപ്പെട്ട അപാകതകളും ആസൂത്രണത്തിലെ പിഴവുമാണ് കെട്ടിടം ബാധ്യത സൃഷ്ടിക്കുന്ന ആസ്തിയായി മാറുന്നതിന് കാരണമായിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിട നിർമ്മാണത്തിനുള്ള അടങ്കൽ തുകയിൽ തനത് ഫണ്ട് സ്രോതസ്സായി ഉൾപ്പെടുത്തുന്നതിന് മുൻപായി സ്ഥാപനത്തിന്റെ സാമ്പത്തിക നില പരിശോധനാ വിധേയമാക്കിയിട്ടില്ല. കെട്ടിടനിർമ്മാണം, ലോൺ തിരിച്ചടവ് ആവശ്യത്തിലേക്കുമായി തനത് ഫണ്ടിൽ നിന്നും ഓഡിറ്റ് തീയതി വരെ സ്ഥാപനം 49671023 ചെലവഴിച്ച് കഴിഞ്ഞു. മേൽ ബാധ്യത സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ട് കമ്മി ആകുന്നതിന് കാരണമായിട്ടുണ്ട്. (ഖണ്ഡിക 3-1 കാണുക ).പദ്ധതിക്ക് അംഗീകാരം നൽകും മുൻപ് സ്ഥാപനത്തിന്റെ ധനസ്ഥിതി പരിശോധിക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വീഴ്ച വരുത്തി.
2. വായ്പ, തനത് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തിയാണ് കെട്ടിട നിർമ്മാണം ആസൂത്രണം ചെയ്തിട്ടുള്ളത്. കെട്ടിടം പൂർത്തിയാകുന്ന പക്ഷം വാടകക്കാരെ ലഭിക്കാനുള്ള സാധ്യത വാടക ഇനത്തിൽ പ്രതിമാസം ലഭിച്ചേക്കാവുന്ന തുക ലോൺ ഇനത്തിൽ അടവാക്കേണ്ട ബാധ്യതയുമായി താരതമ്യം ചെയ്ത് കെട്ടിടം ഗ്രാമപഞ്ചായത്തിന് ലാഭകരമാവുമെന്ന് ഉറപ്പ് വരുത്തുകയോ മുൻകൂർ ലേല നടപടികളിലൂടെ നിക്ഷേപ തുക സ്വീകരിച്ച് കെട്ടിട നിർമ്മാണത്തിന് ഉപയോഗപ്പെടുത്താനുള്ള സാധ്യത സ്ഥാപനം ഉപയോഗപ്പെടുത്തിയിട്ടില്ല.
3. കാർഷിക വിപണന -കൃഷി വിജ്ഞാന കേന്ദ്രത്തിൽ 35 മുറികൾ നിർമ്മാണം പൂർത്തീകരിച്ച് 12/456 B മുതൽ 12/456 X12 വരെയുള്ള നമ്പറുകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മുറികൾ 10.08.2017, 16.09.2017, 16.01.2018 തീയതികളിൽ ലേലം നടപടികൾക്ക് വിധേയമാക്കിയെങ്കിലും ഉയർന്ന ഡെപ്പോസിറ്റ് തുക കാരണം ലേലത്തിൽ ആരും തന്നെ പങ്കെടുത്തിട്ടില്ല. (ഡെപ്പോസിറ്റ് തുക- 15 ലക്ഷം മുതൽ 5 ലക്ഷം വരെ )
4. 04.08.2018 ന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ച 27 കടമുറികളുടെ ലേലതതിൽ വിജയിച്ചവരിൽ നിന്നും ഡെപ്പോസിറ്റ് തുക പൂർണ്ണമായും പിരിച്ചെടുത്ത് കരാറിൽ ഏർപ്പെടുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ല. 4 പേരിൽ നിന്ന് മാത്രമെ ഡെപ്പോസിറ്റ് തുക സ്വീകരിച്ചിട്ടുള്ളൂ. ഡെപ്പോസിറ്റ് തുക ഈടാക്കി താത്കാലികമായി തനത് ഫണ്ട് അക്കൗണ്ടിലെ കമ്മി പരിഹരിക്കുന്നതിന് സ്ഥാപനം ശ്രദ്ധ ചെലുത്തിയിട്ടില്ല.
5. AG1 മുതൽ AG6 വരെയുള്ള മുറികൾ പൊളിച്ച് മാറ്റിയ പഴയ ഷോപ്പിംഗ് കോംപ്ലക്സിലെ കൈവശക്കാർക്ക് 65 ശതമാനം നിക്ഷേപ തുക ഇളവിലും 25 ശതമാനം വാടക ഇളവിലും അനുവദിക്കുന്നതിന് തീരുമാനിച്ച് കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ കരാറിൽ വ്യവസ്ഥ ചെയ്ത സമയപരിധി പിന്നിട്ടിട്ടും നിക്ഷേപതുക അടവാക്കാത്ത വരുമായുള്ള കരാർ റദ്ദ് ചെയ്ത് പ്രസ്തുത മുറികൾ ലേലം ചെയ്യുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിച്ചിട്ടില്ല.

2. ടാക്സി സ്റ്റാന്റ്

1995 -ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കു സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ,വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ ചട്ടം 9 പ്രകാരം വണ്ടിത്താവളങ്ങൾക്ക് ഫീസ് ഈടാക്കേണ്ടതും ചട്ടം 20 പ്രകാരം ഫീസ് പിരിക്കുന്നതിനുള്ള അധികാരം പൊതു ലേലം വഴിയോ ചട്ടം 21 പ്രകാരം പഞ്ചായത്ത് നേരിട്ടോ ഫീസ് പിരിക്കുകയോ ചെയ്യേണ്ടതാണ്.

സ്ഥാപനത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ടാക്സി സ്റ്റാന്റ് നിലവിലുണ്ടെന്ന് വ്യക്തമായിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തിൽ ടാക്സി സ്റ്റാന്റ് ഉപയോഗിക്കുന്നവരിൽ നിന്നും യൂസർഫീ പിരിച്ചെടുക്കുകയോ ഫീ പിരിക്കുന്നതിനുള്ള കുത്തക അവകാശം ലേലം ചെയ്ത് കയ്യൊഴിയുകയോ ചെയ്തിട്ടില്ല. ആസ്തി ഉപയോഗപ്പെടുത്തി വരുമാനം ഉറപ്പ് വരുത്തുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ശ്രദ്ധ ചെലുത്തിയിട്ടില്ല.

അപാകതകൾ പരിഹരിക്കേണ്ടതും വിപണന കേന്ദ്രം നിർമ്മാണം പൂർത്തീകരിച്ച് വാടക വരുമാനം ഉറപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 തനത് ഫണ്ട് നീക്കിയിരിപ്പ് കമ്മി.

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 31.03.2018 തീയതിയിലെ തനത് ഫണ്ട് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് പരിശോധിച്ചതിൽ നീക്കിയിരിപ്പ് തുക മൈനസാണെന്ന് കാണുന്നു. 6 അക്കൗണ്ടുകളിലായാണ് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിക്ഷേപിച്ചിരിക്കുന്നത്. 6 അക്കൗണ്ടുകളിലുമായി 46,48,131 രൂപയാണ് 31.03.2018 തീയതിയിൽ നീക്കിയിരിപ്പുള്ളത്. വാർഷിക കണക്കിലെ ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം പ്രത്യേക അക്കൗണ്ടുകളിൽ പരിപാലിച്ചിട്ടില്ലാത്തതും തനത് വരുമാനമല്ലാത്തതുമായ 39,23,805 രൂപ മേൽ അക്കൗണ്ടുകളിൽ ഉൾപ്പെടുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തനത് ഫണ്ട് അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ വിശദാംശം

| അക്കൗണ്ട് വിശദാംശം | 31.03.2018 ലെ നീക്കിയിരിപ്പ് തുക |
|---|---|
| എസ് ബി ഐ - 5315 | 12,560 |
| സിൻഡിക്കേറ്റ് ബാങ്ക് - 28334 | 18,95,517 |
| എസ്.ബി.ടി ഓൺലൈൻ | 73,451 |
| പേരാമ്പ്ര റീജിയണൽ കോ ഓപ ബാങ്ക്, 4167 | 9,46,506 |
| ചക്കിട്ടപ്പാറ സർവീസ് കോ ഓപ ബാങ്ക് | 35,637 |
| ട്രഷറി ടി.എസ്.ബി | 16,84,460 (സർക്കാർ തിരിച്ചെടുത്ത 989898രൂപ ഉൾപ്പെടെ) |
| ആകെ | 46,48,131 |

2017-18 വർഷത്തെ വാർഷിക കണക്കിലെ ബി-4 പത്രിക പ്രകാരം മേൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തതിൽ ചെലവഴിക്കാൻ അവശേഷിക്കുന്ന പ്രധാന ഇനങ്ങൾ താഴെ ചേർക്കുന്നു.

| അക്കൗണ്ട് കോഡ്/ഇനം | |
|---|---|
| 320100115, ടോട്ടൽ സാനിറ്റേഷൻ ക്യാംപെയ്ൻ, കേന്ദ്ര വിഹിതം | 21,53,497 |
| 320100121, ഐ.സി.ഡി.എസ് | 3,46,605 |
| 320200322, ശുചിത്വ മിഷൻ വിഹിതം | 25,000 |
| 320300103, ടോട്ടൽ സാനിറ്റേഷൻ | 12,58,545 |
| 320700199, പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് - ക്യാപിറ്റൽ | 1,40,158 |
| ആകെ | 39,23,805 |

മേൽ ഡാറ്റ വിശകലനം ചെയ്തതിൽ തനത് ഫണ്ട് അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ള 4648131 രൂപയിൽ 3923805 രൂപ പ്രത്യേക ആവശ്യങ്ങൾക്കുള്ള ഫണ്ടാണെന്ന് കാണുന്നു. ആയത് ഒഴിവാക്കിയാൽ തനത് ഫണ്ട് ഇനത്തിൽ 724326 രൂപ മാത്രമെ യഥാർത്ഥത്തിൽ നീക്കിയിരിപ്പുള്ളൂ എന്ന് വ്യക്തമാണ്.

വാർഷിക കണക്കിലെ ബി-9 പത്രിക പ്രകാരം 4099622 രൂപ 31.03.2018 തീയതിയിൽ സ്ഥാപനത്തിന് ബാധ്യതയുണ്ട്. മേൽ പത്രിക പ്രകാരമുള്ളതും തനത് ഫണ്ട് അക്കൗണ്ടുകളിൽ സൂക്ഷിച്ചിട്ടുള്ളതുമായ പ്രധാന ഇനങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | 31.03.2018 ലെ ബാധ്യത |
|---|---|
| ഗ്രന്ഥശാലാ വരി | 13,56,851 |
| വസ്തു നികുതി- മുൻകൂർ പിരിവ് | 5,73,654 |
| മണൽ- റോയൽറ്റി | 43,235 |
| മണൽ- ആർ.എം.എഫ് | 50 |
| ആകെ | 19,73,790 |

മേൽ ബാധ്യതകളുടെ മാത്രം അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ തനത് ഫണ്ട് നീക്കിയിരിപ്പ് 12,49,464 രൂപ കമ്മിയാണെന്ന് കാണാം (1973790 - 724326 ). തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ഫണ്ടുകൾ തനത് ഫണ്ടിൽ ആവശ്യം വേണ്ട ഫണ്ട് ഇല്ലാത്തതിനാൽ തനത് ഫണ്ട് എന്ന പോലെ വിവിധ ആവശ്യങ്ങൾക്കായി വക മാറ്റി ചെലവഴിക്കപ്പെടാൻ സാധ്യതയുണ്ട്.

കൂടാതെ കാർഷികവിപണനവിജ്ഞാന കേന്ദ്രനിർമ്മാണത്തിന് വേണ്ടി നേരിട്ടു ചെലവഴിച്ച 2,60,43,935രൂപയും വായ്പ തിരിച്ചടവിനായി ചെലവഴിച്ച 55,37,460രൂപയും ഉൾപ്പെടെ കെട്ടിടനിർമ്മാണത്തിന് വേണ്ടി മാത്രം 3,15,81,395രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചതും മേൽ കെട്ടിടത്തിൽ നിന്നും നാളിതുവരെ വാടക ഇനത്തിൽ വരുമാനം ഒന്നും ലഭിക്കാത്തതും തനത് ഫണ്ട് മൈനസ് ആവാൻ കാരണമായിട്ടുണ്ട്.

മറ്റ് വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തി തനത് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-2 കാർഷിക വിപണനകേന്ദ്രവും കൃഷി വിജ്ഞാനകേന്ദ്രവും - പ്രവൃത്തി നിർവഹണത്തിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

പേരാമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിലുൾപ്പെടുത്തിയ കാർഷികവിപണനവിജ്ഞാന കേന്ദ്രനിർമ്മാണത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്റ്റ് എന്നിവ തയ്യാറാക്കുന്നത്, റിട്ടയേർഡ് ചീഫ് എഞ്ചിനീയറായ ശ്രീ.പി.സി.ബാലൻ എന്നയാളെ ഏൽപിക്കുന്നതിന് 31.1.2013ലെ 71075/ഡി.എ2/2012/ത സ്വ ഭ വ പ്രകാരം സർക്കാർ അനുമതി ലഭിക്കുകയും ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് 10,28,62,454രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. പേരാമ്പ്ര ടൗണിൽ റീ സർവെ നം. 25/1ബി, 28/1ബി, 28/എ1ൽ പ്പെട്ടതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈവശത്തിലുള്ളതുമായ 135.2സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ബിഎ347/14-15 തീയതി 30.10.14നമ്പറായി താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്ന് പെർമിറ്റ് അനുവദിച്ചു.

Appendix A – A block building( Comdmunity complex) - 2755.01m2

Appendix B - C block building (Market complex) - 597.24m2

പദ്ധതിക്കായി 2014 – 15 വർഷത്തിൽ പ്രൊജക്റ്റ് നം. 181/15പ്രകാരം 12,50,00,000രൂപ വകയിരുത്തി. വിശദാംശം താഴെ കൊടുക്കുന്നു.

Loan - 9,97,00,000

Own Fund - 3,00,000

Externaly aided program - 2,50,00,000

Total - 12,50,00,000

30.3.15ന് നടത്തിയ ടെണ്ടറിൽ എസ്റ്റിമേറ്റ് തുകയുടെ 0.1% കുറവ് നിരക്കിൽ ക്വാട്ട് ചെയ്ത അഖിൽ.പി.വി, മാനേജിംഗ് ഡയരക്ടർ, ഫാസ്റ്റ് ലൈൻ പ്രൊജക്ട് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. എഗ്രിമെന്റ് നം. 20/15-16തീയതി 1.9.15 പ്രകാരം സ്ഥാപനവുമായി കരാർ വെക്കുകയും 2.9.15ന് സൈറ്റ് കൈമാറുകയും ചെയ്തു. കരാർ പ്രകാരം 1.9.17ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. 2014-15വർഷം ആരംഭിച്ച പ്രവൃത്തി സ്പിൽ ഓവർ ആയി 2015-16, 2016-17, 2017-18 വർഷങ്ങളിൽ തുടരുകയും 2017-18 വർഷം താഴെ പറയും പ്രകാരം 7,34,94,182രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

KURDFC loan - 5,23,49,376

Own Fund - 569

Externaly aided program - 2,00,00,000

Finance Commission grant - 11,44,237

Total - 7,34,94,182

പ്രവൃത്തിക്കായി 3,26,64,303 രൂപ 11% നിരക്കിൽ കെ യു ആർ ഡി എഫ് സി യിൽ നിന്ന് വായ്പയെടുത്തിട്ടുണ്ട്. 5 പാർട്ട് ബില്ലുകളിലായി 5,90,04,563രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

| പാർട്ട് ബിൽ | ആകെ ബിൽ തുക | നികുതികൾ | കരാറുകാരന് നൽകിയ തുക | തുക നൽകിയ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| ഒന്നാം പാർട്ട് ബിൽ | 94,82,451 | 9,00,833 | 85,81,618 | സെക്രട്ടറി |
| രണ്ടാം പാർട്ട് ബിൽ | 1,78,62,033 | 16,96,893 | 1,61,65,140 | സെക്രട്ടറി |
| റീടെൻഷൻ | | | 6,83,612 | സെക്രട്ടറി |
| മൂന്നാം പാർട്ട് ബിൽ | 69,19,987 | 6,57,399 | 62,62,588 | സെക്രട്ടറി |
| നാലാം പാർട്ട് ബിൽ | 86,60,462 | 8,22,743 | 78,37,719 | അസി.എഞ്ചിനീയർ |
| സർവീസ് ടാക്സ് | | | 25,75,495 | അസി.എഞ്ചിനീയർ |
| അഞ്ചാം പാർട്ട് ബിൽ | 1,60,79,360 | 15,27,565 | 1,45,52,065 | അസി.എഞ്ചിനീയർ |
| റീടെൻഷൻ | | | 6,18,503 | അസി.എഞ്ചിനീയർ |
| ആകെ | 5,90,04,563 | 56,05,433 | 5,72,76,740 | |

ഓഡിറ്റ് തീയതി വരെ പ്രവൃത്തി പൂർത്തീകരിച്ച് കരാറുകാരന് ഫൈനൽ ബിൽ തുക നൽകിയിട്ടില്ല. പ്രവൃത്തിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

1. കെട്ടിടനിർമ്മാണത്തിന്റെ സിവിൽ പ്രവൃത്തികൾക്ക് 8,80,63,403രൂപയുടെ എസ്റ്റിമേറ്റിന് 30/14-15/CE/LSGD തീയതി 25.3.2015 പ്രകാരം ചീഫ് എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതി ലഭിച്ചു. ഇലക്ട്രിക്കൽ, ഫയർ ഫൈറ്റിംഗ് എന്നീ പ്രവൃത്തികൾ സിവിൽ പ്രവൃത്തികളോടൊപ്പം തന്നെ അംഗീകാരം വാങ്ങി PWD Electrical wing മുഖാന്തിരം പൂർത്തിയാക്കണമെന്ന നിബന്ധനയോടെയാണ് സാങ്കേതികാനുമതി നൽകിയതെങ്കിലും 2016-17ലാണ് ഇലക്ട്രിഫിക്കേഷനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി TS വാങ്ങിയത്. 2016- 17 വർഷം ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചെങ്കിലും പൂർത്തീകരിച്ചിട്ടില്ല. ഇലക്ട്രിഫിക്കേഷൻ, ഫയർ & സേഫ്റ്റി പ്രവൃത്തികൾ എന്നിവ ചെയ്യാത്തതിനാൽ കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ ചെയ്യാൻ സാധിക്കുന്നില്ല എന്നറിയിച്ചു കൊണ്ട് ഫാസ്റ്റ് ലൈൻ പ്രൊജക്ട് പ്രൈവറ്റ് ലിമിറ്റഡ് 6.7.2017ന് ഗ്രാ. പ സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്. അതായത് ഇലക്ട്രിഫിക്കേഷൻ, ഫയർ & സേഫ്റ്റി പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തത് കെട്ടിടനിർമ്മാണപ്രവൃത്തികൾ വൈകുന്നതിന് കാരണമായിട്ടുണ്ട്. ഇലക്ട്രിഫിക്കേഷൻ,ഫയർ & സേഫ്റ്റി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ കാലതാമസം വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2. Appendix Bയിൽ ഉൾപ്പെട്ട C-block കെട്ടിടത്തിന്റെ നിർമ്മാണവും Appendix A പ്രകാരമുള്ള Main Blockന്റെ

structure ഉം plastering works ഉം പൂർത്തിയായപ്പോൾ ഒറിജിനൽ എസ്റ്റിമേറ്റിലെ അളവുകളിൽ നിർവഹണസമയത്ത് ചില മാറ്റങ്ങൾ വന്നതിനാലും ഭരണസമിതിയുടെ നിർദ്ദേശപ്രകാരം ആധുനികമായ രീതിയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ പ്രൊവിഷൻസ് ഉൾപ്പെടുത്തേണ്ടി വന്നതിനാലും ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തി 7,92,04,463രൂപ അടങ്കലിൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്തു. ആയതിന് താഴെ പറയുന്ന നിബന്ധനകളോടെ ഡിബി4/11547/18/CE/LSGD തീയതി 29.5.18 കത്ത് പ്രകാരം ചീഫ് എഞ്ചിനീയറിൽ നിന്ന് സാങ്കേതികാനുമതി ലഭിച്ചു.

എ). സമർപ്പിച്ചിട്ടുള്ള പുതുക്കിയ എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിലെ അളവുകളിൽ നിന്നും മിക്ക ഇനങ്ങൾക്കും 25% അധികം quantity നടപ്പാക്കിയിട്ടുണ്ട്. ഇത് PWD manual clause 2111ന് എതിരായതിനാൽ ഇത് സാധൂകരിക്കുന്നതിനും കൂടാതെ ഒറിജിനൽ എസ്റ്റിമേററിൽ ഇല്ലാത്ത പ്രവൃത്തികൾ കരാർ ഉടമ്പടി വെച്ച കരാറുകാരനെക്കൊണ്ട് തന്നെ ചെയ്യിച്ചത് സാധൂകരിക്കുന്നതിനും ഭരണസമിതി തീരുമാനം വാങ്ങി സമർപ്പിക്കണം.

ബി). സാങ്കേതികാനുമതി ഉത്തരവ് പ്രകാരം സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിൽ TS അധികാരിയിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ Revision, Design എന്നിവയിൽ വ്യത്യാസം വരുത്താൻ പാടില്ല എന്ന നിർദ്ദേശം പാലിച്ചിട്ടില്ലാത്തതിനാൽ അനുമതി ഇല്ലാതെ നടപ്പിലാക്കിയ ഓരോ ഇനത്തിനും, അധികമായി ചെയ്ത അളവുകളുടെയും പ്രവൃത്തികളുടെയും പൂർണ്ണ ഉത്തരവാദിത്വം നിർവഹണ ഉദ്യോഗസ്ഥർക്കായിരിക്കും.

PWD manual clause 2111ന് വിരുദ്ധമായി സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിലെ അളവുകളിൽ നിന്നും മിക്ക ഇനങ്ങൾക്കും 25% അധികം quantity നടപ്പാക്കിയത് പ്രവൃത്തിയുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥരുടെ ഭാഗത്തു വന്ന വീഴ്ചയാണ്. കൂടാതെ ഒറിജിനൽ എസ്റ്റിമേററിൽ ഇല്ലാത്ത പ്രവൃത്തികൾ കരാർ ഉടമ്പടി വെച്ച കരാറുകാരനെക്കൊണ്ട് തന്നെ ചെയ്യിച്ചിട്ടുണ്ട്. TS അധികാരിയിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെ Revision, Design എന്നിവയിൽ വ്യത്യാസം വരുത്തി പ്രവൃത്തി ചെയ്തതിന് വിശദീകരണം നൽകേണ്ടതാണ്.

3. നിലവിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ 80% പൂർത്തിയായിട്ടുണ്ട്. ഇതുവരെ ചെയ്ത പ്രവൃത്തികളുടെ മൂല്യം 6,40,85,998.13രൂപ കണക്കാക്കി 51,08,712രൂപയുടെ 6ാം പാർട്ട് ബിൽ തയ്യാറാക്കിയിട്ടുണ്ടെങ്കിലും കരാറുകാരന് തുക നൽകിയിട്ടില്ല. കരാർ കാലാവധി 1.9.2017ന് അവസാനിച്ചതിനാൽ സപ്ലിമെന്ററി എഗ്രിമെന്റ് വെച്ച് പിഴ ഇല്ലാതെ കരാർ പുതുക്കാനാവശ്യപ്പെട്ടു കൊണ്ട് പല തവണ (31.10.17, 1.12.17, 29.12.18, 14.1.19) കരാറുകാരന് കത്തയച്ചെങ്കിലും എഗ്രിമെന്റ് വെക്കാനോ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാനോ കരാറുകാരൻ തയ്യാറായിട്ടില്ല. 21.2.19ന് ചീഫ് എഞ്ചിനീയർ വിളിച്ചു ചേർത്ത അടിയന്തിര മീറ്റിംഗിൽ പ്രവൃത്തിയുടെ ബാക്കി ബിൽ 28.2.19നകം കരാറുകാരന് നൽകാനും 30.3.19നകം പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാനും അസി.എഞ്ചിനീയർ, അസി. എക്സി. എഞ്ചിനീയർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 28.2.19 നകം കരാറുകാരൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി , കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടിയുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

4. സമഗ്രമായ പഠനം നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം പ്രവൃത്തി പുരോഗമിക്കുന്നതിനനുസരിച്ച് പ്രവൃത്തികൾ ഉൾപ്പെടുത്തുകയും യഥാസമയം എസ്റ്റിമേറ്റ് പുതുക്കി പ്രവൃത്തികൾ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാതിരിക്കുകയും ചെയ്തത് കാരണം കെട്ടിടനിർമ്മാണം അനന്തമായി നീണ്ടു പോകുന്ന അവസ്ഥയാണുള്ളത്. കൂടാതെ ഇലക്ട്രിഫിക്കേഷൻ പോലുള്ള പ്രവൃത്തികൾ നീണ്ടു പോകുന്നത് കാരണം ഓരോ വർഷം കഴിയുന്തോറും കൂടുതൽ തുക വകയിരുത്തേണ്ടി വരുന്നത് അധികച്ചെലവിനും കാരണമാകുന്നുണ്ട്. കെട്ടിടവാടകയിനത്തിൽ വരുമാനം ലക്ഷ്യമിട്ടുകൊണ്ട് 2014-15ൽ ആരംഭിച്ച പ്രവൃത്തി 4 വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിനാൽ വരുമാനനഷ്ടം സംഭവിക്കുന്നു എന്നത് മാത്രമല്ല, ഓരോ വർഷവും വലിയ തുക വായ്പ തിരിച്ചടവ് വരുന്നതിനാൽ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്കാണ് ഗ്രാമപഞ്ചായത്തിനെ എത്തിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും കെട്ടിടനിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തിയാക്കി മുറികൾ ലേലം ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-3 ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളുടെ പരിപാലനത്തിന് സംരക്ഷണഗ്രാന്റ് ഉപയോഗിച്ചു.

2017-18 വർഷം സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് പ്രവൃത്തി നടത്തിയ ചില റോഡുകൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടാത്തവയാണ്. ജി.ഒ.(എം.എസ്) നം./72/17/ ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 12.10(6) പ്രകാരം അതാത് ത സ്വ ഭ വ സ്ഥാപനത്തിന്റെ റോഡ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകൾ മാത്രമേ റോഡ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളൂ. എന്നാൽ സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് പ്രവൃത്തി നടത്തിയ റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താൻ വേണ്ടി ഭരണസമിതിക്ക് കത്ത് നൽകിയിട്ടുണ്ട്. ഉദാഹരണം താഴെ കൊടുക്കുന്നു.

1. സ്റ്റീൽ ഇന്ത്യ കല്ലോത്ത് റോഡ് (പ്രൊജക്ട്-163/18)

2. മരുതോറച്ചാൽ മുക്ക് - മരുതോറച്ചാൽ അങ്കണവാടി റോഡ് (പ്രൊജക്ട്-211/18)

3. മരുതോറച്ചാൽ പി.കെ.ആർ ഓയിൽ മിൽ റോഡ് (പ്രൊജക്ട്-210/18)

4. മണ്ണെണ്ണ ഡിപ്പോ എടവനക്കണ്ടി റോഡ് (പ്രൊജക്ട്-213/18)

ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത റോഡുകളിൽ സംരക്ഷണഗ്രാന്റ് ഉപയോഗിച്ച് പ്രവൃത്തി നടത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-4 മരാമത്ത് പ്രവൃത്തികൾ -പദ്ധതികൾ തയ്യാറാക്കുന്നതിലെ അപാകതകൾ

1. റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല

ജി.ഒ.(എം.എസ്) നം./72/17/ ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 12.10(1) പ്രകാരം ഓരോ തദ്ദേശഭരണസ്ഥാപനവും റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്തിൽ അപ്രകാരം ചെയ്തിട്ടില്ല. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി ആയതിനനുസരിച്ച് പ്രവൃത്തികൾ ചെയ്യുന്നതിന് പകരം ഒരേ റോഡിൽ തന്നെ വിവിധ റീച്ചുകൾക്ക് വ്യത്യസ്ത പ്രൊജക്ടുകൾ തയ്യാറാക്കി വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വിഭജിച്ചു നൽകുകയാണ് ചെയ്യുന്നത്. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി സമഗ്രമായ റോഡ് വികസനം സാധ്യമാക്കുന്നതിന് പകരം ഫണ്ടുകൾ വാർഡ് അടിസ്ഥാനത്തിൽ ചെറിയ പ്രവൃത്തികളാക്കി കരാറുകാരെ ഏൽപ്പിക്കുന്ന രീതി പിൻതുടരുന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമാണ്. റോഡ് കണക്റ്റിവിറ്റി പദ്ധതി തയ്യാറാക്കി ആയതിനനുസരിച്ച് പ്രവൃത്തികൾ ചെയ്യേണ്ടതാണ്.

2. സ്പിൽ ഓവർ പ്രവർത്തികൾ പൂർത്തീകരിക്കപ്പെടുന്നില്ല.

അസി.എൻജിനിയർ നിർവഹണ ഉദ്യോഗസ്ഥനായി സാമ്പത്തിക വർഷം 68 സ്പിൽ ഓവർ പ്രോജക്ടുകളാണ്പൂർത്തീകരിക്കാനുണ്ടായിരുന്നത്. ആയതിൽ 25 പ്രവൃത്തികൾക്ക് സാമ്പത്തിക വർഷത്തിൽ തുകയൊന്നും ചെലവഴിക്കപ്പെട്ടതായി കാണുന്നില്ല. ജി.ഒ.(എം.എസ്) നം./72/17/ത സ്വ.ഭ.വ തീയതി 29.3.17 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖ 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. 2017-18 ലും മേൽ പദ്ധതികൾ പൂർത്തീകരിക്കാത്തതിനാൽ സ്പിൽ ഓവർ ആയ 25 പ്രവൃത്തികൾ നടപ്പാക്കാതെ ഉപേക്ഷിക്കേണ്ടി വന്നു. കൂടാതെ 2014-15 വർഷത്തിൽ ആരംഭിച്ച കാർഷിക വിപണനകേന്ദ്രം കെട്ടിടനിർമ്മാണം സ്പിൽ ഓവർ ആയി 2015-16, 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയെങ്കിലും ഇതു വരെ പൂർത്തിയായിട്ടില്ല. 2017-18ൽ പ്രൊജക്ട് നം. 228/18 ആയി 7,34,94,182 രൂപ വകയിരുത്തിയെങ്കിലും 8,46,201 രൂപ മാത്രമാണ് ചെലവഴിച്ചത്. 2018-19 വർഷത്തേക്ക് സ്പിൽ ഓവർ ആയി നടപ്പാക്കാൻ പറ്റാത്തതിനാൽ 2018-19 വർഷം പുതിയ പ്രൊജക്ട് രൂപീകരിച്ചാണ് കെട്ടിട നിർമ്മാണപ്രവൃത്തി തുടരുന്നത്. അപാകത ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തിയാക്കി പദ്ധതികൾ ലക്ഷ്യം കൈവരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തിൽ വീഴ്ച -വിവിധ ഫണ്ടിനങ്ങളിലായി വകയിരുത്തിയ വൻ തുക പാഴായി

അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി ആകെ 137 പ്രൊജക്ടുകളാണ് സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുണ്ടായിരുന്നത്. ആയതിന് വിവിധ ഫണ്ടിനങ്ങളിലായി 146803706 രൂപ വകയിരുത്തി. അംഗീകാരം ലഭിച്ച 137 പ്രൊജക്ടുകളിൽ 62എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളാണ്. തൻവർഷത്തിൽ ആകെ

89പ്രൊജക്ടുകൾക്ക് മാത്രമാണ് തുക ചെലവഴിച്ചിരിക്കുന്നത്(സ്പിൽഓവർ 39 പുതിയത് 50). ആയതിന് മൊത്തം 25379914 രൂപ ചെലവഴിച്ചിട്ടുണ്ട്.വകയിരുത്തിയ തുകയുടെ 17 % മാത്രമാണ് സാമ്പത്തിക വർഷത്തെ ചെലവ്. വികസന ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ലോക ബാങ്ക് സഹായം, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിത് 31392048 രൂപ വകയിരുത്തിയതിൽ 18994843 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിരിക്കുന്നത്. മേൽ ഫണ്ടിനങ്ങളിൽ ചെലവുതുക കുറവായതിനാൽ വകയിരുത്തിയ തുകയിൽ 31.03.2018 ലെ നീക്കിബാക്കി 12397205 രൂപ സർക്കാരിലേക്ക് തിരികെപ്പോയിട്ടുണ്ട്. എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം തൻവർഷത്തിൽ ആരംഭിക്കേണ്ട 75 പ്രൊജക്ടുകളിൽ 75 പ്രൊജക്ടുകൾക്കും കരാറുകാരുമായി തൻവർഷത്തിൽ എഗ്രിമെന്റിലേർപ്പെട്ടിട്ടുണ്ട്. നടപ്പിലാക്കാനുണ്ടായിരുന്ന 62 സ്പിൽഓവർ പ്രൊജക്ടുകളിൽ 39എണ്ണം മാത്രമാണ് സാമ്പത്തിക വർഷത്തിൽ പൂർത്തീകരിച്ചിരിക്കുന്നത്. 23 സ്പിൽ ഓവർ പ്രൊജക്ടുകൾക്ക് തുകയൊന്നും ചെലവഴിക്കപ്പെട്ടിട്ടില്ല. ജി.ഒ.എം എസ് നമ്പർ 72/17 തി.29.3.17 ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷത്തിൽ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ മേൽ പ്രവൃത്തികൾക്ക് തുടർ വർഷത്തിൽ തുക വകയിരുത്താൻ കഴിയാത്ത അവസ്ഥ സംജാതമായിരിക്കയാണ്. അപാകതകൾക്ക് കാരണം വിശദമാക്കിയിട്ടില്ല. പ്രൊജക്ടുകളുടെ ബാഹുല്യം മരാമത്ത് പ്രവർത്തികളുടെ നിർവഹണത്തെ ബാധിച്ചിട്ടുണ്ട്. പ്രൊജക്ടുകൾ പരിമിതപ്പെടുത്തി പ്രൊജക്ടുകൾക്ക് വകയിരുത്തുന്ന തുക വർദ്ധിപ്പിച്ച് തുടർ വർഷങ്ങളിൽ ഈ അപാകത പരിഹരിക്കാവുന്നതാണ്.

## 3-6 പഞ്ചായത്ത് ഓഫീസ് നവീകരണം-ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ഫൈനൽ ബിൽ അനുവദിച്ചു.

പ്രൊജക്ട നമ്പർ -190/18

വകയിരുത്തിയ തുക -300000

ചെലവുതുക - 300000(ബിൽ നമ്പർ 52/17-18 തി18.3.18)

കരാറുകാരൻ - ടോം കട്ടക്കയം

മേൽ പ്രൊജക്ട് പ്രകാരമുള്ള പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവർത്തി കരാറുകാരനായ ടോം കട്ടക്കയം എന്ന കരാറുകാരന് 0.4% കുറഞ്ഞ നിരക്കിൽ ഏറ്റെടുത്തു പൂർത്തീകരിച്ച് സാമ്പത്തിക വർഷത്തിൽ തന്നെ ഫൈനൽ ബിൽ കൈപറ്റിയിട്ടുണ്ട്. പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ കരാറുകാരന് (0.4%) ടെണ്ടർ കുറവ് പരിഗണിക്കാതെയാണ് ഫൈനൽ ബിൽ അനുവദിച്ചിരിക്കുന്നത്. കരാറുകാരന് ടാക്സ് ഉൾപ്പെടെ അനുവദനീയമായ തുകയുടെ വിശദവിവരം താഴെക്കൊടുക്കുന്നു.

ആകെ പ്രവർത്തി മൂല്യം പരിമിതപ്പെടുത്തിയത് - 300000

ടെണ്ടർ കുറവ് (0.4%) – 1200

അർഹമായ തുക – 298800

കരാറുകാരന് ടാക്സ് ഉൾപ്പെടെ അനുവദിച്ച തുക – 300000

അധികം നൽകിയ തുക – 300000-298800= 1200

ടെണ്ടർ കുറവ് പരിഗണിക്കാതെ കരാറുകാരന് ഫൈനൽ ബിൽതുക അനുവദിക്കാനുണ്ടായ കാരണം വിശദമാക്കിയിട്ടില്ല. ഫൈനൽ ബിൽ തയ്യാറാക്കിയതിലെ അപാകത മൂലം കരാറുകാരന് അധികം നൽകിയ 1200 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-7 പാണ്ടിക്കാട് കുടിവെള്ളപദ്ധതി-പ്രവർത്തി പൂർത്തീകരിച്ചില്ല.

പ്രൊജക്ട് നമ്പർ - 81/18

വകയിരുത്തിയ തുക - 300000 (തനത് ഫണ്ട്)

ചെലവുതുക - 24566 (ch no 3855495 lf3.7.17)

കൺവീനർ - കെ.പി സുരേന്ദ്രൻ

കിണർ, വാട്ടർ ടാങ്ക് എന്നിവ നിലവിലുള്ള പാണ്ടിക്കാട് കുടിവെള്ളപദ്ധതിയുടെ മെയിൻ പൈപ്പ്, വിതരണപൈപ്പ് എന്നിവ സ്ഥാപിച്ച് നിലവിലുള്ള വാട്ടർ ടാങ്കിന് തേപ്പ്, കിണറിന് ഗ്രിൽ എന്നിവ നിർമ്മിക്കുന്നതിനായി 2016-17 വർഷത്തിൽ ആരംഭിച്ച മേൽ പ്രവർത്തി 2017-18 സാമ്പത്തിക വർഷത്തിലും പൂർത്തീകരിച്ചിട്ടില്ല.പ്രവർത്തിയുടെ എം ബുക്ക്, വർക്ക് ബിൽ എന്നിവ പരിശോധിച്ചതിൽ കുടിവെള്ളപദ്ധതിയുടെ പൈപ്പിടൽ പ്രവർത്തി മാത്രമെ പൂർത്തീകരിച്ചിട്ടുള്ളു. ജി.ഒ.എം.എസ് നമ്പർ 72/17 തി 29.3.17 ഖണ്ഡിക 6.8 പ്രകാരം സ്പിൽ ഓവർ പ്രൊജക്ടുകൾ സ്പിൽ ഓവറായ വർഷത്തിൽ തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. പദ്ധതി ഓഡിറ്റ് വർഷത്തിൽ പൂർത്തിയാക്കാത്തതിനാൽ തുടർ വർഷത്തിൽ മേൽ പ്രൊജക്ടിന് തുക വകയിരുത്താൻ കഴിയാതെ വരും. കൂടാതെ പ്രൊജക്ട് പൂർത്തീകരിക്കേണ്ടതിന് അവശ്യം ഉൾപ്പെടുത്തേണ്ട മോട്ടോർ സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ എന്നിവക്ക് പ്രൊജക്ടിൽ തുകയൊന്നും വകയിരുത്തിയതായി കാണുന്നില്ല. പ്രൊജക്ട് പൂർത്തീകരിക്കാത്തതിനും ,കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിനുതകുന്ന മുഴുവൻ പ്രവർത്തികളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതെ പ്രൊജക്ട് തയ്യാറാക്കിയതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് കാരണം വിശദമാക്കി പദ്ധതി പ്രവർത്തനക്ഷമമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-8 ആനേരിക്കുന്ന് -ആക്കുപറമ്പ് റോഡ് പ്രവർത്തി -കരാറുകാരന് അധിക തുക നൽകി

പ്രൊജക്ട് നമ്പർ -170/18

വകയിരുത്തിയ തുക- 300000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവുതുക - 298387 (ബിൽ നമ്പർ5/17-18 തി7.3.18)

കരാറുകാരൻ -പി.കെ സുരേന്ദ്രൻ

എം ബുക്ക് 407/18 പേജ് -1മുതൽ 20 വരെ

ആനേരിക്കുന്ന ആക്കുപറമ്പ് റോഡിൽ 300000 രൂപ വകയിരുത്തി ആരംഭിച്ച പ്രവൃത്തി കരാറുകാരൻ സാമ്പത്തിക വർഷത്തിൽ തന്നെ പൂർത്തീകരിച്ച് ഫൈനൽ ബിൽ കൈപ്പറ്റിയിട്ടുണ്ട്. പ്രവൃത്തിയുടെ എം.ബുക്ക്, വർക്ക് ബിൽ എന്നിവ പരിശോധിച്ചതിൽ എം.ബുക്കിൽ രേഖപ്പെടുത്തിയ യഥാർത്ഥ പ്രവൃത്തി മൂല്യവും, വർക്ക് ബില്ലിൽ രേഖപ്പെടുത്തി കരാറുകാരന് അനുവദിച്ച പ്രവൃത്തി മൂല്യവും തമ്മിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദ വിവരം താഴെക്കൊടുത്തിരിക്കുന്നു.

എം ബുക്ക് പ്രകാരം ആകെ പ്രവൃത്തി മൂല്യം - 296028

വർക്ക് ബില്ലിൽ രേഖപ്പെടുത്തിയ പ്രവൃത്തി മൂല്യം - 298387

കരാറുകാരന് കാരന് അധികം അനുവദിച്ച തുക - 298387-296028= 2359

എം ബുക്കിൽ രേഖപ്പെടുത്തിയ യഥാർത്ഥ പ്രവൃത്തി മൂല്യത്തിൽ കൂടിയ തുക കരാറുകാരന് അനുവദിച്ചതിന് കാരണം വിശദമാക്കിയിട്ടില്ല. പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച അപാകത മൂലമാണ് കരാറുകാരന് അധിക തുക നൽകാൻ ഇടയായത്. അധികം നൽകിയ തുക 2359 രൂപ തിരികെ ഈടാക്കേണ്ടതാണ്.

## 3-9 എസ് സി വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ – ഹെഡ് മാസ്റ്റർ

പ്രോജക്റ്റ് നമ്പർ – So 199/18

ചെലവ് – 285000 /177/26/02/2018

15800/ 330/30/03/2018

ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ഹൈസ്കൂളിൽ 8,9,10 ക്ളാസ്സുകളിൽ പഠിക്കുന്ന എസ് സി വിദ്യാർത്ഥികൾക്ക്

സൈക്കിൾ നൽകുക എന്ന ഉദ്ദേശത്തോടെ പദ്ധതി നടപ്പാക്കി. സൈക്കൾ നൽകിയത് 71വിദ്യാർത്ഥി കൾക്കാണ്. ടെണ്ടർ പ്രകാരം Wonder Cycles and Kids Corner എന്ന സ്ഥാപനത്തിൽ നിന്നണ് വാങ്ങിയത്. (Invoice No V.No;GST-1751 dated 16.02.2018 RS.285050,v.NO.G.S.T.1980-30.03.2018 Rs.15800) പദ്ധതിയുമായി ബന്ധപ്പെട്ടഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. തദ്ദേശ്വസ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ ജി. ഒ. (പി)259/2010 1ത സ്വ ഭ വ 8.11.2010 ഉത്തരവ് പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെന്ററിൽ വാങ്ങണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ളിഷ് ദിനപത്രത്തിലും മലയാളദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വിൽപനയും സമർപ്പണവും പരസ്യതിയതി മുതൽ 21 ദിവസം ആയിരിക്കണം. ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ പദ്ധതി നടപ്പിലാക്കിയത് മേൽ നിബന്ധനകൾ പാലിക്കാതെയാണ്.
2. ജി.ഒ (എം എസ്)4/2016 തസ്വഭവ 11.1.2016 പന്ത്രണ്ടാ പഞ്ചവൽസരപദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റ് പ്രകാരമാണ് സൈക്കിൾ നൽകേണ്ടത്. ഒരു വിദ്യാർത്ഥിയ്ക്ക് ഒരിക്കൽ മാത്രമേ സൈക്കിൾ നൽകാവൂ. പട്ടികജാതി, പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റെതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്നതിന്നായി മേൽ വകുപ്പ് അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കണം. ഇതിനുപുറമെ നിർദ്ധന വിദ്യർത്ഥികൾക്ക് പ്രത്യേക മുൻഗണന നൽകണം. എന്നാൽ മേൽ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവുതുക 285000/- തടസ്സത്തിൽ വെക്കുന്നു

## 3-10 വാട്ടർ ടാങ്ക് വിതരണം പദ്ധതി നടത്തിപ്പിൽ അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ – അസിസ്റ്റൻറ് സെക്രട്ടറി

പ്രോജക്റ്റ് നമ്പർ – 1. So 10/18

ചെലവ് – Sanction Order No 214/09.03.2018.-154972 രൂപ

Sanction Order No 301/27.03.2018 74562 രൂപ

എസ്.സി.കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് വാങ്ങി നൽകുക എന്ന ഉദ്ദേശത്തോടെ ഗ്രാമപഞ്ചായത്തിൽ 12.12.2017 ൽ നടന്ന ടെണ്ടർ പ്രകാരം റിവർടെക് വാട്ടർസൊല്യൂഷ്യൻസ് ഏറണാകുളം എന്ന സ്ഥാപനത്തിൽ നിന്ന് 500 LTR Virgin Water Tank (Blue) 1താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം ഗ്രാമപഞ്ചായത്ത് വാങ്ങി. സ്ഥാപനവുമായി 16.2.2018 ലെ 01/2018 നമ്പർ ഉടമ്പടി പ്രകാരമാണ് ടാങ്ക് വിതരണം ചെയ്തത്.

| ഇൻവോയ്സ് നമ്പർ | തിയ്യതി | എണ്ണം | തുക |
|---|---|---|---|
| R 30 | 28/02/2018 | 20 | 39000 |
| R-31 | 28/02/2018 | 86 | 167700 |
| R-71 | 25.03.2018 | 51 | 99450 |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1)തദ്ദേശ്വസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ ജി ഒ (പി)

259/2010 /ത സ്വ ഭ വ 8.11.2010 ഉത്തരവ് പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെന്ററിൽ വാങ്ങണം. വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപത്രത്തിലും മലയാളദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വിൽപനയും സമർപ്പണവും പരസ്യതിയതി മുതൽ 21 ദിവസം ആയിരിക്കണം. ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയത് മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ്.

2)വാട്ടർ ടാങ്ക് വിതരണം ചെയ്തതിന്റെ വിതരണരേഖ,വിതരണ റജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല.

3) പട്ടികജാതി, പട്ടികവർഗ്ഗവകുപ്പിൽ നിന്നോ മറ്റെതെങ്കിലും സ്രോതസ്സുകളിൽ നിന്നോ മുമ്പ് ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്ന വകുപ്പ് അധികൃതരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല . രേഖകൾ ഹാജരാക്കുന്നത് വരെ ചെലവുതുക 306150/- തടസ്സത്തിൽ വെക്കുന്നു

## 3-11 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ നൽകൽ–അപാകതകൾ

പദ്ധതി നം – 127/18 ഭിന്നശേഷിക്കാർക്ക് സൈഡ് വീലോട് കൂടിയ സ്കൂട്ടർ

അടങ്കൽ – 400000 ചെലവ് 387500

ബിൽ നം – 21 തുക 387500/- തിയതി 31/03/2018

മേൽ പദ്ധതി പ്രകാരം മാക് ഇന്ത്യ ഓട്ടോ മൊബൈൽസ് (പി) ലിമി. എന്ന സ്ഥാപനത്തിൽ നിന്ന് സൈഡ് വീലോട് കൂടിയ 5സ്കൂട്ടർ വാങ്ങിയിട്ടുണ്ട്. ഇതിനായി 387500/-രൂപ മേൽ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1). ഗുണഭോക്തൃ ലിസ്റ്റ് ഹാജറാക്കിയിട്ടില്ല.

2). വാഹനം വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയിട്ടില്ല

3). ജി ഒ (എം എസ്) നം 80/2017 ത .സ്വ. ഭ. വ 03-04-2017 ഖണ്ഡിക 10-01- പ്രകാരം വാഹനം നൽകുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്

എ). 40 ശതമാനത്തിലേറെ വൈകല്യമുണ്ടങ്കിലും ഈ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ബി). പൊതു വിഭാഗം 1 ലക്ഷം/ പട്ടികജാതി 2 ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരായിരിക്കണം ഗുണഭോക്താക്കൾ.

സി) 8 വർഷത്തിനുള്ളിൽ ഇതേ ആനുകൂല്യം ലഭിച്ച ഗുണഭോക്താവായിരിക്കരുത്. എന്നാൽ ആനുകൂല്യം നൽകുന്നതിന് മേൽ മാനദണ്ഡങ്ങളൊന്നും പാലിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക 387500/- തടസ്സത്തിൽ വെക്കുന്നു.

## 3-12 വൃദ്ധജനങ്ങൾക്ക് കട്ടിൽ നൽകൽ–അപാകതകൾ

പദ്ധതി നം 1. – പാലിയേറ്റീവ് കെയർ(സ്പിൽ ഓവർ)

അടങ്കൽ – 265483 ചെലവ് 265398

ബിൽ നം -17 – തുക 224000/- തിയതി 26/03/2018

പദ്ധതി പ്രകാരം വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകുന്നതിനായി, ലൂലു ഫർണിച്ചർ പേരാമ്പ്ര എന്ന സ്ഥാപനത്തിൽ നിന്ന് 56 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ഇതിനായി 224000/- മേൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ജി ഒ (എം എസ്) നം 80/2017 ത .സ്വ. ഭ. വ 03-04-2017 ഖണ്ഡിക 12-01-7 പ്രകാരം പൊതു വിഭാഗം ബി പി എൽ വിഭാഗത്തിലുള്ളവർക്കും, പട്ടികജാതി വിഭാഗത്തിൽപെട്ട 60 വയസ്സിനു മുകളിലുള്ളവർക്കുമാണ് ആനുകൂല്യത്തിന് അർഹത. എന്നാൽ ഗുണഭോക്താക്കളുടെ യോഗ്യത (പ്രായം, ബി പി എൽ) എന്നിവ തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2. കട്ടിൽ വിതരണം ചെയ്തതിന് രേഖകൾ ഹാജരാക്കിയിട്ടില്ല

രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള അന്വേഷണക്കുറിപ്പിന് മറുപടി നൽകിയിട്ടില്ല. ചെലവുതുക 224000/- തടസ്സത്തിൽ വെക്കുന്നു

## 3-13 മരുന്നു/ഉപകരണങ്ങളും വാങ്ങിയത് രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ് നം - 178/18

അടങ്കൽ തുക - 800000

ചെലവു തുക - 799793

നിർവ്വഹണോദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ

പഞ്ചായത്തിലെ കിടപ്പ് രോഗികൾക്ക് അടിയന്തരമായി ആവശ്യമുള്ള മരുന്നുകളും/ഉപകരണങ്ങളും വാങ്ങുന്നതിനായി കെ.എം.എസ്.സി.എൽ ന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്

| ക്രമ നം | ബിൽ നം/തിയതി | തുക |
|---|---|---|
| 1 | 10/17-18,31/10/2017 | 449190 |
| ആകെ | | 449190 |

എന്നാൽ സ്ഥാപനം സപ്ലൈ ചെയ്ത മരുന്നു/ഉപകരണങ്ങളുടെ വിശദാംശം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല . രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട അന്വേഷണകുറിപ്പിനു മറുപടി നൽകിയിട്ടില്ല . രേഖകൾ ഹാജരാക്കുന്നത് വരെ ചെലവുതുക 449190/- തടസ്സത്തിൽ വെക്കുന്നു

## 3-14 ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണം നടത്തിയ പ്രൊജക്റ്റുകൾ - അപാകതകൾ

1. പ്രൊജക്ട് - 1/18, പാലളവിനനുസരിച്ച് ഇൻസന്റീവ് ലഭ്യമാക്കൽ

അടങ്കൽ - 2,00,000 വികസനഫണ്ട്(ജനറൽ)

- 7,00,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

- 3,00,000 ജില്ലാപഞ്ചായത്ത് വിഹിതം

-12,00,000

ചെലവ് - 2,00,000, ബിൽ നം. 1/27.2.18

- 3,00,000, ചെക്ക് നം. 3441243/28.2.18

- 7,00,000, ചെക്ക് നം. 3441246/21.3.18

പ്രൊജക്ട് പ്രകാരം ക്ഷീരസഹകരണസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് ലിറ്ററിന് 4 രൂപ നിരക്കിൽ ഇൻസെന്റീവ് നൽകുന്നതിന് മുകളിൽ ചേർത്ത പ്രകാരം 12,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ 10 ക്ഷീരസംഘങ്ങൾക്ക് തുക കൈമാറുകയും സംഘങ്ങൾ കർഷകരുടെ അക്കൗണ്ടിലേക്ക് തുക നൽകുകയുമാണ് ചെയ്തത്. തുക കൈമാറിയതിന്റെ രേഖകൾ പരിശോധിച്ചതിൽ എടവരാട് ക്ഷീരസഹകരണ സംഘത്തിന് 245971രൂപ നൽകിയതിൽ 13249 രൂപയും പാണ്ടിക്കോട് ക്ഷീരസഹകരണസംഘത്തിന് നൽകിയ 330273 രൂപയിൽ 6723രൂപയും ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2. പ്രൊജക്ട് - 2/18, കറവപ്പശുക്കൾക്ക് കാലിത്തീറ്റ

അടങ്കൽ - 2,00,000 വികസനഫണ്ട്(ജനറൽ)

- 2,00,000 ഗുണഭോക്തൃവിഹിതം(നേരിട്ട് ചെലവഴിക്കുന്നത്)

- 4,00,000

ചെലവ് - 94,000, ബിൽ നം. 2/27.2.18

- 1,06000, ബിൽ നം. 6/23.3.18

ഒരു മാസം പരമാവധി 100കി.ഗ്രാം കാലിത്തീറ്റയ്ക്ക് 50% സഹായം അനുവദിക്കുന്നതിനാണ് പ്രൊജക്ട് തയ്യാറാക്കിയത്. പ്രൊജക്ട് പ്രകാരം 2,00,000 രൂപ 9 ക്ഷീരസഹകരണസംഘങ്ങൾ മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ പാണ്ടിക്കോട് ക്ഷീരസഹകരണസംഘത്തിന് നൽകിയ 47,000 രൂപ കർഷകർക്ക് കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

തുക കൈമാറിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 66972രൂപയുടെ ചെലവ് (47000+13249+6723) തടസ്സത്തിൽ വെക്കുന്നു.

## 3-15 വിദ്യാർത്ഥികൾക്ക് പഠനമുറി-പദ്ധതിനടത്തിപ്പിൽ അപാകതകൾ

പ്രോജക്ട് നമ്പർ – 27/18

നിർവഹണഉദ്യോഗസ്ഥൻ – അസി.സെക്രട്ടറി

ചെലവ്. Sanction Order No 151/26.01.2018 - 50000

Sanction Order No117/29/11/2017 – 50000

തൻവർഷം രണ്ട് ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മേൽ കാണിച്ച പ്രകാരം ധനസഹായം അനുവദിച്ചു. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.
സ.ഉ(സാധാ)നം.626/2016/ത.സ്വ.ഭ.വ.തിരുവനന്തപുരം.തിയ്യതി -15.02.2016 ഉത്തരവ് പ്രകാരം ധനസഹായം നൽകുന്നതിന് താഴെ പറയുന്ന നിബന്ധനകൾ നിഷ്കർഷിക്കുന്നു.

1)നിലവിൽ വാസയോഗ്യമായ വിട്ടുള്ളവർക്കായിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.

2)വിദ്യാർത്ഥിയുടെ രക്ഷിതാവായിരിക്കണം അപേക്ഷ നൽകേണ്ടത്

3).ബി.പി.എൽ. കുടുംബമായിരിക്കണം

4)നിലവിലുള്ള വീട് എണ്ണൂറു ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.

5)നിർമ്മിക്കുന്ന പഠനമുറിയ്ക്ക് 120 ചതുരശ്ര അടിയിൽ കുറയാത്ത വിസ്തീർണ്ണമുള്ളതായിരിക്കണം

6)നിലവിലുള്ള ഒരു മുറി പഠനമുറിയാക്കുകയല്ല,പുതിയമുറി നിർമ്മിക്കുകയാണ് വേണ്ടത്.

7)എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട എൻജിനിയർ മെഷർമെൻറ് എടുക്കണം.

എന്നാൽ മേൽ ഉത്തരവ് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചതായി കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ ചെലവുതുക100000/- രൂപ തടസ്സത്തിൽ വെക്കുന്നു

## 3-16 ലാപ്പ് ടോപ്പ് വിതരണം - അപാകതകൾ

നിർവഹണഉദ്യോഗസ്ഥൻ - ഹെഡ് മാസ്റ്റർ

ചെലവ് – Sanction order 179/26/02/2018;449100/

പ്രോജക്റ്റനമ്പർ – So 117/18

മേൽ പദ്ധതി പ്രകാരം 15 ലാപ്പ്ടോപ്പുകൾ ടെണ്ടർ മുഖേന (Acer laptop with carrybag 4gb,itb,15.6 display) Bizare power solutions, Malaparamba നിന്നു invoice noBiz/c/073-22.02.201 8പ്രകാരം വാങ്ങി വിതരണ ചെയ്തു .രേഖകൾ പരിശോധിച്ചപ്പോൾ താഴെപറയുന്ന അപാകതകൾ കണ്ടു

1. സർക്കാർ മാർഗ്ഗരേഖ G O (MS) 80/2017LSGD 03.04.2017പ്രകാരവു(ജി.ഒ.(ആർ.ടി) 957/2015 ത.സ്വ.ഭ.വ

27.03.2015) ബിരുദവിദ്യാർത്ഥികൾക്കു പോളി ടെക്നിക്ക് ഡിപ്ളോമ കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കുമാണ് ലാപ്പ്ടോപ്പ് നൽകേണ്ടത്.എന്നാൽ അതിൽ നിന്നു വ്യത്യസ്തമായി മറ്റു കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ കോഴ്സ് ഇക്യുയ്വലൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുമില്ല.

2. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കാനുള്ള മാർഗ്ഗരേഖ ജി ഒ (പി)259/2010 1ത സ്വ ഭ വ 8.11.2010 ഉത്തരവ് പ്രകാരം ഒരു ലക്ഷത്തിൽ കൂടുതൽ മതിപ്പു വിലയുള്ള സാധനങ്ങൾ ഓപ്പൺ ടെണ്ടറിൽ വാങ്ങണം. വ്യാപകപ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപത്രത്തിലും മലയാളദിനപത്രത്തിലും പരസ്യം ചെയ്യണം. ടെണ്ടർ ഫോറത്തിന്റെ വിൽപനയും സമർപ്പണവും പരസ്യതിയതി മുതൽ 21 ദിവസം ആയിരിക്കണം. ടെണ്ടർ സമർപ്പിച്ചവരുടെയു സോഷ്യൽ ഓഡിറ്റ് കമ്മിറ്റി അംഗത്തിന്റെയും സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം. എന്നാൽ പദ്ധതി നടപ്പിലാക്കിയത് മേൽ നടപടിക്രമങ്ങളൊന്നും പാലിക്കാതെയാണ്.

3. താഴെ പറയുന്ന വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് നൽകിയിട്ടുണ്ടെങ്കിലും അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ ലഭ്യമല്ല.

എ). വിഷ്ണു എം.കെ.(വാർഡ് 2)

ബി). അജ്ഞന അർപോർ പറേമ്മൽ (വാർഡ് 14)
സി). അനുശ്രീ കുയ്യടിപ്പാറമ്മൽ (വാർഡ്-2)

ഇതിനുപുറമെ നിർദ്ധനവിദ്യർത്ഥികൾക്ക് മുൻഗണന നൽകിയതായോ ആനുകൂല്യം മുമ്പ് അനുവദിച്ചിട്ടില്ല എന്നതിന് തെളിവുരേഖകളായ വകുപ്പിൽ നിന്നുള്ള സർട്ടിഫിക്കറ്റോ, വിദ്യാർത്ഥികളുടെ വരുമാനസർട്ടിഫിക്കറ്റോ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള അന്വേഷണകുറിപ്പിനു മറുപടി നൽകിയിട്ടില്ല . ചെലവുതുക 449100/- തടസ്സത്തിൽ വെക്കുന്നു.

## 3-17 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷത്തിൽ ചുമതലപ്പെടുത്തിയ പദ്ധതികളുടെ അടങ്കൽ തുകയുടെ 93.55 ശതമാനം തുകയും ചെലവഴിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥക്ക് സാധിച്ചിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികളുടെ നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി, നിർവ്വഹണ ഉദ്യോഗസ്ഥ എന്നവരുടെ ഭാഗത്ത് നിന്നും വീഴ്ചകളുണ്ടായതായി കാണുന്നു. വീഴ്ചകൾക്ക് വിശദീകരണമാരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് സ്ഥാപനം/നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രൊ.നം- 18/17-18, അംഗൻവാടി അനുപൂരക പോഷകാഹാരം

- ഗ്രാമപഞ്ചായത്തിലെ 28 അംഗൻവാടികളിലെ പാചകാവശ്യത്തിനുള്ള ഗ്യാസ് കണക്ഷനുകൾ വാണിജ്യ-വ്യവസായ ഗണത്തിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. ഈ ഇനത്തിൽ 2017-18 വർഷത്തിൽ ഗ്യാസ് ഫില്ലിംഗ് ഇനത്തിൽ 74312 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകക്ക് ആനുപാതികമായി സബ്സിഡി ലഭ്യമായിട്ടില്ല. സബ്സിഡി ല്യമാക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ഇടപെടലുകൾ നടത്തിയിട്ടില്ല.
- പദ്ധതി പ്രകാരം ന്യൂട്രിമിക്സ് വിതരണം ചെയ്ത മാർവ്വൽ ഫുഡ് പ്രൊഡക്ട്സ് മരുതേരി എന്ന സ്ഥാപനം ന്യൂട്രിമിക്സ് വിതരണം ചെയ്യുന്നതിൽ കാലതാമസം വരുത്തുന്നതായി കാണുന്നു. 31.10.2017 ന് ശേഷം 10.01.2018 ലാണ് മാർവ്വൽ ഫുഡ് പ്രൊഡക്ട്സ് പോഷകാഹാരം വിതരണം ചെയ്തിട്ടുള്ളത്. 2 മാസത്തേക്കുള്ള പോഷകാഹാരം ഈ കാലയളവിൽ സ്ഥാപനത്തിൽ സ്റ്റോക്ക് ഉണ്ടായിരുന്നില്ലെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. മാർവ്വൽ ഫുഡ് പ്രൊഡക്ട്സ് മരുതേരി എന്ന സ്ഥാപനവുമായി സ്ഥാപനം/ നിർവ്വഹണ ഉദ്യോഗസ്ഥ കരാറിൽ ഏർപ്പെടുകയോ സാധനങ്ങൾ വിതരണം ചെയ്യേണ്ട സമയക്രമം നിബന്ധന ചെയ്യുകയോ ചെയ്തിട്ടില്ല. സാധനങ്ങൾ സമയബന്ധിതമായി ലഭ്യമാവാതിരുന്നത് പോഷകാഹാര വിതരണം തടസ്സപ്പെടുന്നതിന് കാരണമായിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെട്ട അവസരത്തിലും വർക്കിംഗ് ഗ്രൂപ്പ്

ഇടപെടൽ നടത്തി ചുമതലാപരമായ പങ്ക് വഹിച്ചിട്ടില്ല. 07.08.2017 ന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടില്ല. ഇതിൽ നിന്നും പദ്ധതി മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണ ഘട്ടത്തിൽ ഇടപെടലുകൾ നടത്തിയിട്ടില്ലെന്നത് വ്യക്തമാണ്. പോഷകാഹാര വിതരണം തടസ്സപ്പെട്ടിട്ടും നിർവ്വഹണ ചുമതലയുള്ള ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവർ അവരവരിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ലെന്നത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.

2. പ്രൊ.നം- 126/17-18, വൃദ്ധ ജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ.

- 12.12.2017 ലെ ടെണ്ടറിൽ ഒരു കട്ടിലിന്3100 രൂപ ഓഫർ ചെയ്ത പി.വി.എഞ്ചിനീയേഴ്സ് , 3690 രൂപ ഓഫർ ചെയ്ത എയ്ൽ കാർട്ട്, ഫറോഖ് എന്നീ സ്ഥാപനങ്ങളുടെ ഓഫർ പരിഗണിക്കാതെ റീടെണ്ടർ നടപടി സ്വീകരിച്ചതായി കാണുന്നു.
- 20.02.2018 ലെ റീ ടെണ്ടറിൽ കോസ്റ്റൽ ഫർണിച്ചർ, കെ.പി. എന്റർപ്രൈസസ് എന്നീ സ്ഥാപനങ്ങൾ യഥാക്രമം 3820, 3994 രൂപ വാഗ്ദാനം ചെയ്തത് പരിഗണിക്കാതെ 4000 രൂപ വാഗ്ദാനം ചെയ്ത ലുലു ഫർണ്ണിച്ചറിനെ സെലക്ട് ചെയ്തതായി കാണുന്നു.

കുറഞ്ഞ നിരക്ക് ഓഫർ ചെയ്ത സ്ഥാപനങ്ങളെ പരിഗണിക്കാതെ കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് നൽകിയ നടപടി വിശദീകരിക്കേണ്ടതാണ്. ടെണ്ടറിൽ പങ്കെടുത്ത സ്ഥാപനങ്ങളുടെ ഓഫറിന്റെ താരതമ്യ പത്രിക തയ്യാറാക്കിയിട്ടില്ല.റീ ടെണ്ടർ ടെണ്ടർ ഓഫറിനെ അപേക്ഷിച്ച് ലാഭകരമല്ലാത്ത സാഹചര്യത്തിൽ റീടെണ്ടർ നടപടികൾ കൈക്കൊണ്ടതിന്റെ കാരണം വ്യക്തമാക്കേണ്ടതുണ്ട്. 29.05.2017 തീയതിയിൽ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത് 12.12.2017 തീയതിയിലാണ്. ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിലുണ്ടായ കാലതാമസവും വാങ്ങലുകൾ ലാഭകരമല്ലാതായതിന് കാരണമായിട്ടുണ്ട്. വാങ്ങൽ നടപടികളിലെ വീഴ്ച കാരണം/ വാങ്ങലുകൾ ലാഭകരമാക്കുന്നതിന് സ്ഥാപനത്തിന് സാധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ചെലവ് തുക 264000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ബിൽ നം- 02, തീയതി.22.03.2018, ബിൽ തുക- 264000 )

3. പ്രൊ.നം227/17-18, ബഡ്സ് സ്കൂൾ പ്രവർത്തനം

- പദ്ധതി പ്രകാരം വിദ്യാർത്ഥികളുടെ യാത്രക്ക് 2 വാഹനങ്ങളാണ് ഉപയോഗപ്പെടുത്തിയിരിക്കുന്നത്. രതീഷ് കുമാർ എന്നവരുടെ ഉടമസ്ഥതയിലുള്ള കെ.എൽ-11-ഡബ്ല്യു-9875, കെ.എൽ.11.ക്യു-1918 എന്നീ നമ്പറായുള്ള വാഹനങ്ങൾ നോൺ-ട്രാൻസ്പോർട്ട് ഗണത്തിൽ പെടുന്ന സ്വകാര്യ വാഹനങ്ങളാണെന്ന് മോട്ടോർ വാഹന വകുപ്പിന്റെ ഒഫീഷ്യൽ വെബ്സൈറ്റ് പരിശോധിച്ചതിൽ നിന്നും ബോധ്യപ്പെട്ടിട്ടുണ്ട്. രതീഷ് കുമാർ എന്നവരുടെ കൊട്ടേഷൻ അംഗീകരിക്കുന്നതിന് മുൻപ് മേൽ വസ്തുത പ്രൊക്യൂർമെന്റ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ്, നിർവ്വഹണ ഉദ്യോഗസ്ഥ എന്നിവർ പരിശോധിച്ചിട്ടില്ല. വിദ്യാർത്ഥികളുടെ യാത്രയുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിൽ സ്ഥാപനം വീഴ്ച വരുത്തിയത് ഓഡിറ്റ് ഗൗരവമായി വീക്ഷിക്കുന്നു.
- പദ്ധതി പ്രകാരം 722476 രൂപ വാഹന വാടക ഇനത്തിൽ സ്ഥാപനം ചെലവഴിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ്, ക്ഷേമ-ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ ഇനത്തിലെ ചെലവ് നിയന്ത്രിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ലെന്ന് മിനുട്സുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.
- നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മേണിറ്ററിംഗ് കമ്മിറ്റിയായി പ്രവർത്തിക്കുകയോ, വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 700000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 700000 | - |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 425000 | സമഗ്ര നെൽകൃഷി വികസനം | 425000 | - |
| പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 200000 | - |
| ജില്ലപഞ്ചായത്ത് | 2017-18 | 425000 | സമഗ്ര നെൽകൃഷി വികസനം | 425000 | - |
| ജില്ലപഞ്ചായത്ത് | 2017-18 | 3900000 | ചേർമല സാംബവ കോളനി വാസികളുടെ വീട് നിർമ്മാണം | 0 | 3900000 |
| ജില്ലപഞ്ചായത്ത് | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് | 300000 | |
| ജില്ലപഞ്ചായത്ത് | 2017-18 | 380000 | ക്ഷീരഗ്രാമം | 330000 | 50000 |
| ജില്ലാപഞ്ചായത്ത് | 2017-18 | 1200000 | മീറങ്ങാട്ട് കുടിവെള്ള പദ്ധതി | 0 | 1200000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബലൻസ് |
|---|---|---|---|---|---|---|
| 1 | ആയാടത്തിൽ ദിവാകരൻ | നരക്കമ്മൽ അംഗനവാടി പൂർത്തീകരണം | 21600509 | 100000 | 0 | 100000 |
| 2 | പ്രേമൻ കുന്നമ്മൽ മീത്തൽ | മലാത്തോട്ടം കുടിവെള്ള പദ്ധതി | 21601412 | 37500 | 0 | 37500 |
| 4 | മൊയ്തു | എരവട്ടൂർ ഗ്രാമീണ വായനശാല | തീ.15.12.08 | 39500 | 0 | 39500 |
| 5 | സുരേഷ് | എരവട്ടൂർ അംഗനവാടി | തീ. | 24500 | 0 | 24500 |

| | | | | | | |
|---|---|---|---|---|---|---|
| | | | 04.03.2009 | | | |
| 6 | പാലാട്ട് ശശി | അംഗനവാടിഅഴകത്ത് താഴ റോഡ് | 07.03.2011 | 35000 | 0 | 35000 |
| 7 | സി.കെ.നാരായണൻ | പാവട്ട് പൊയിൽ-നടോർമുഴി റോഡ് | 16.01.2012 | 17500 | 0 | 17500 |
| 8 | പി.ടി മോഹനൻ | പൊന്ന്പറകുന്ന് -വാട്ടർസപ്ലൈ സ്കീം. | 29.02.2012 | 50000 | 0 | 50000 |
| 9 | കുഴിപറമ്പിൽ സുരേന്ദ്രൻ | മാമ്പ്ര ശ്മശാനം | 25.03.2015 | 95000 | 0 | 95000 |

മുൻക്കുറുകൾ ക്രമീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| അഗ്രീകൾച്ചറൽ മാർക്കറ്റിംഗ് കോംപ്ലക്സ് | സ.ഉ(സാധാ) നം.2283/2015 /ത.സ്വ.ഭ.വ തിയ്യതി.25.07.2015 | 32654303 | 31789242 | 4667065 | 3304605 | 27126843 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 10000 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇക്വിറ്റി ഷെയർ | 10000 |
| ആകെ | 1000 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | |
| 2000-01 | | 2003-04 | 11.14 | ബസ് സ്റ്റാന്റ് മൂത്രപുര- കൂടുതൽ തുക നൽകിയത്. | |
| 2001-02 | 3-5 | 2006-07 | 3.79.6.3 | മണൽ വിൽപന | |
| 2001-02 | 3-2 | 2006-07 | 3.79.18.7 | റോഡ് പ്രവൃത്തി പൂർത്തിയാക്കിയില്ല. | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | -- | 2013-14 | 5.1.5.2 | ജലസ്രോതസ്സുകളിലെ മാലിന്യ കുമ്പാരം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.3 | ജല സ്രോതസ്സുകളുടെ സംരക്ഷണം കാര്യക്ഷമമല്ല | |
| പ്രത്യേക ഓഡിറ്റ് | | 2013-14 | 5.1.5.4 | പൊതുകിണറുകൾ സംരക്ഷിക്കപ്പെടുന്നില്ല. | |

| | | | | | |
|---|---|---|---|---|---|
| റിപ്പോർട്ട് | | | | | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.11 | കുടിവെള്ള പദ്ധതി പ്രവർത്തന രഹിതം | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.12 | വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം തൃപ്തികരമല്ല. | |
| പ്രത്യേക ഓഡിറ്റ് റിപ്പോർട്ട് | | 2013-14 | 5.1.5.13 | ഗുണഭോക്തൃ സമിതി തുക കൈമാറിയത് | |

## **4-8** ചാർജ് സർചാർജ് നടപടികളുടെ വിവരം

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | അടവാക്കാൻ ബാക്കി | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2009-10 | - | ശ്രീ.കെ.സി.സുബ്രമഹ്ണ്യൻ. അസിസ്റ്റന്റ് എഞ്ചിനീയർ | എൽഎഫ് 4418/ സ്പെ.സെൽ/ ഡി.എസ്.സി. /ഡി2/2013 തിയതി 25-07-2014 | 17480/- | - | | 17480/- |
| 2 | 2008-09 | 2-10 | ശ്രീ.ജോയ്സി | എൽഎഫ് 7321/ സ്പെ.സെൽ സി.എസ്.സി/ ഡി2/2012 തിയതി.21.02.2013 | 16392 | 6660/- | | 9732 രൂപ |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107920558.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 97291154.00 |
| വരവിനങ്ങളിലുള്ള നഷ്ടം | .. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3559.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2531912.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർച്ചാർജ്ജ് ചെയ്യാവുന്നവ | |
| 3-6 | | 1200 | സൗദ.കെ.സി, അസി. എഞ്ചിനീയർ |
| 3-8 | | 2359 | സൗദ.കെ.സി, അസി. എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 285000 | അബ്ദുൾ ഖാദർ, ഹെഡ് മാസ്റ്റർ |
| 3-10 | 306150 | ഷിബു.ഇ.എം, അസി. സെക്രട്ടറി |
| 3-11 | 387500 | ആരതി രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-12 | 224000 | ആരതി രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-13 | 449190 | ആരതി രഞ്ജിത്ത്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-14 | 66972 | ശിജിന.എ, ഡെയറി ഫാം ഇൻസ്ട്രക്ടർ |

| | | |
|---|---|---|
| 3-15 | 100000 | ഷിബു.ഇ.എം, അസി. സെക്രട്ടറി |
| 3-16 | 449100 | അബ്ദുൾ ഖാദർ, ഹെഡ് മാസ്റ്റർ |
| 3-17 | 264000 | രാധ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേര് | ഉദ്യോഗപ്പേര് | വിലാസം |
|---|---|---|
| സൗദ.കെ.സി, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, പേരാമ്പ്ര ഗ്രാമപഞ്ചായത്ത് | തളിയോത്ത്, ചേനോളി, കോഴിക്കോട് |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശങ്ങൾ |
|---|---|---|---|
| 1996-97 | എൽ.എഫ്.കെ.കെ.ഡി. പി5-402/98 തീ. 12.11.12 | 1 | 32(2) |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി4-1262/11 തീ. 04.10.2011 | 2 | 33,56 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി4-644/09 തീ. 05.01.2010 | 2 | 19,21 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7/465/11 തീ. 04.02.2012 | 13 | |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി 7/2020/11 തീ.13.02.2012 | 22 | |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7/1271/12 തീ. 05.09.2012 | 7 | |
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13 തീ. 22.07.2013 | 23 | 2-1.2-3.2-4.2-5,3-1.3-2,3-3,3-5,3-6,3—7,3-9,3-10,3-11,3-12,3-13,3-14, 3-15,3-16,3-17, 3-18,3-19,3-20,4-3,4-7 |
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15 തീ. 14.09.15 | 15 | 2-1,2-2,2-3,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-9,3-10,3-11,3-12 |

| | | | |
|---|---|---|---|
| 2013-14<br>2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.4.1637/16 തീ. 31.10.16 | 13 | 2-1,2-2,2-3,2-4,2-5,2-6,3-1,3-2,3-3,<br>3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11,3-12,3-13,<br>3-14,3-15,3-16 |
| 2015 - 16 | കെ.എസ്.എ.കെ.കെ.ഡി.പി.4/1947/16 തീ. 15.05.17 | 22 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8,3-1,<br>3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11,3-12,3-13,3-14 |
| 2016-17 | നം.കെ.എസ്.എ.കെ.കെ.ഡി. പി.4/1485/2017 , 03.08.2017 | 25 | 2-1,2-2,2-3,2-4,2-5,2-6,2-7,2-8,<br>3-1,3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11,3-12,<br>3-13,3-14,3-15,3-16,3-17,<br>3-18,3-19,3-20,3-21 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

## അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.കെ.കെ.ഡി.പി15/394/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ-0495 2371012
ഇ-മെയിൽ:dokkd.ksad@kerala.gov.in
തീയ്യതി:29.03.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്